കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.ksad.kerala.gov.in

# കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ**

e-mail: ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി12- 184/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
ഫോൺ: 0477 2252753
ഇ-മെയിൽ: ddhglfalpy@gmail.com

തീയതി, 16.06.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കണ്ടല്ലൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം:- കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി12-184/2020 തീയതി: 16-06-2020

.

## ആലപ്പുഴ ജില്ലയിലെ കണ്ടല്ലൂർ ഗ്രാമ പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആലപ്പുഴ ജില്ലയിലെ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01-04-2018 മുതൽ 31-03-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപേരും | ശ്രീ.സന്തോഷ്.കെ.വി ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 25/01/2020 മുതൽ 04/02/2020 വരെ | ശ്രീ. ലിജിലാൽ.ബി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി.സിന്ധ്യ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മനേഷ് കുമാർ.ജി. സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ഉണ്ണികൃഷ്ണൻ.സി. സീനിയർ ഗ്രേഡ് ഓഡിറ്റർ |

1.പ്രസിഡന്റ്

| | |
|---|---|
| ശ്രീ.എ.വി.രഞ്ജിത്ത് | 01.04.2018 മുതൽ 31.03.2019 വരെ |

2. സെക്രട്ടറി

| | |
|---|---|
| ശ്രീ.കെ പ്രേം കുമാർ | 01.04.2018 മുതൽ 24.06.2018 വരെ |
| ശ്രീമതി.പി.ശ്രീദേവി | 25.06.2018 മുതൽ 14.09.2018 വരെ |

| | |
|---|---|
| ശ്രീ.എൻ.ഹരികുമാർ<br><br>(അസിസ്റ്റന്റ് സെക്രട്ടറി-ഇൻചാർജ്) | 15.09.2018 മുതൽ 27.11.2018 വരെ |
| ശ്രീ.ബാബുകുട്ടൻ നായർ | 28.11.2018 മുതൽ 31.03.2019 വരെ |

3) സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി.എ.ശോഭ | 01.04.2018 മുതൽ 31.03.2019വരെ |
| 2 | വികസനകാര്യം | ശ്രീ.ആർ. വിജയകുമാർ | 01.04.2018 മുതൽ 31.03.2019വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി.ആർ.ഷൈനി | 01.04.2018 മുതൽ 31.03.2019വരെ |
| 4 | ആരോഗ്യകാര്യം<br><br>വിദ്യാഭ്യാസകാര്യം | ശ്രീ.സുരേഷ് ബാബു | 01.04.2018 മുതൽ 31.03.2019വരെ |

**4) മറ്റു നിർവ്വഹണ ഉദ്യോഗസ്ഥർ**

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി.സജിത.പി.എ | 01.04.2018 മുതൽ 31.03.2019വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.വേണുഗോപാൽ | 01.04.2018 മുതൽ 31.03.2019വരെ |
| 3 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.സുമ.ബി | 01.04.2018 മുതൽ 31.03.2019വരെ |
| 4 | മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി) | ഡോ.വിജയറാണി | 01.04.2018 മുതൽ 31.03.2019വരെ |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.നിഷ.എൻ. | 01.04.2018 മുതൽ 31.03.2019വരെ |
| 6 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.വിജയറാണി | 01.04.2018 മുതൽ 25.07.2018വരെ |
| | | ഡോ.കവിത.വി.എസ് | 26.07.2018 തൽ 31.03.2019വരെ |
| 7 | ഹെഡ്മിസ്ട്രസ്സ്, ഗവ.യു.പി.എസ്. | ശ്രീമതി.എസ്.റസിയ | 01.04.2018 മുതൽ 08.05.018 വരെ |
| | | ശ്രീമതി.വസന്തകുമാരി.ജെ | 09.05.2018 മുതൽ 31.03.2019വരെ |
| 8 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.രശ്മി.എൻ | 01.04.2018 മുതൽ 05.03.2019 വരെ |
| | | ശ്രീ.വി.കെ ജയരാജ് | 06.03.019 മുതൽ 31.03.2019 വരെ |
| 9 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ബീന ശ്രീകുമാർ | 01.04.2018 മുതൽ 31.03.2019വരെ |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.എം.ഡി.ദീപ | 01.04.2018 മുതൽ 21.06.2018 വരെ |
| | | ശ്രീ.ഹരികുമാർ.എൻ | 30.06.2018 മുതൽ 31.03.2019 വരെ |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.വിനോദ്.വി | 01.04.2018 മുതൽ 14.02.2019 വരെ |
| | | ശ്രീ.അപ്പൻ.വി.ആർ | 15.02.2019 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**



| ക്രമ നം. | ഖണ്ഡിക നം. | ഭാഗം 1 |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം (റസീറ്റ് ആൻഡ് പേയ്മെന്റ് കണക്കുകളുടെ പത്രിക പ്രകാരം) |
| 5 | 1-5 | ഫണ്ട് വിനിയോഗവിവരം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി വരവ്-ചെലവ് |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം |

| | | |
|---|---|---|
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | തൊഴിൽ നികുതി പൂർണ്ണമായും ഡിമാൻഡ് ചെയ്യുന്നില്ല |
| 13 | 1-13 | റോഡിന്റെ വിസ്തൃതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവിൽ നിന്നും ചില കെട്ടിടഉടമകൾ ഒഴിവാക്കപ്പെട്ടു-754/- രൂപയുടെ വസ്തുനികുതി നഷ്ടം |
| 14 | 1-14 | ഒരേ ഉപയോഗക്രമമായിരുന്നിട്ടും ആകെ വിസ്തൃതിയിൽ വസ്തുനികുതി ചുമത്തിയില്ല- 2540 രൂപയുടെ നികുതി നഷ്ടം |
| 15 | 1-15 | അനധികൃത നിർമ്മാണം - സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നില്ല |
| 16 | 1-16 | നല്ലൊരു ഭാഗം പ്ലൈവുഡ്ഡിൽ നിർമ്മിച്ച അലമാരകൾക്ക് ആഞ്ഞിലി തടിയുടെ വില നൽകി വാങ്ങൽ നടത്തുകവഴി കരാറുകാരന് അധികം തുക അനുവദിച്ചു |
| 17 | 1-17 | വ്യക്തമായ കാരണങ്ങളില്ലാതെ കുറഞ്ഞ തുകകളുടെ ക്വട്ടേഷൻ റദ്ദ് ചെയ്ത് സ്കൂളുകളിലേക്ക് ഫർണിച്ചർ വാങ്ങലുകൾ-1,29,060 രൂപ നിരാകരിക്കുന്നു |
| 18 | 1-18 | ലക്ഷങ്ങൾ മുടക്കി നിർമ്മിച്ച ആസ്തികൾ നിർദ്ദിഷ്ടാവശ്യത്തിന് ഉപയോഗിക്കാതെ നിഷ്ക്രിയമായി തുടരുന്നു |
| 19 | 1-19 | അങ്കണവാടികളിൽ വാട്ടർ പ്യൂരിഫൈയർ വാങ്ങിയത് ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു |
| 20 | 1-20 | ഇടവിളക്കിറ്റ് - കിറ്റിലെ സാധനങ്ങളുടെ അളവ് നിർണയിച്ചിട്ടില്ല |
| 21 | 1-21 | ഹരിതസേന-വയബിലിറ്റി ഗ്യാപ് ഫണ്ട് ചെലവഴിച്ചിട്ടില്ല |
| 22 | 1-22 | TDS(GST) ഈടാക്കാതെ കരാറുകാരന് ഫൈനൽ ബിൽ തുക അനുവദിച്ചു |
| 23 | 1-23 | എഗ്രിമെന്റ് പ്രകാരമുള്ള നിർവ്വഹണ കാലയളവ് കഴിഞ്ഞ് രണ്ടു വർഷത്തോളമായിട്ടും പ്രവൃത്തി പാതിവഴിയിൽ |
| 24 | 1-24 | ആസ്തി രജിസ്റ്ററിന്റെ പരിപാലനത്തിൽ വീഴ്ച |
| 25 | 1-25 | ആരോഗ്യജാഗ്രതാ പ്രവർത്തനഫണ്ടിന്റെ ചെലവു രേഖകൾ ഹാജരാക്കിയില്ല- 1,50,000 രൂപ തടസ്സപ്പെടുത്തുന്നു |
| 26 | 1-26 | ഇന്ധന ഉപഭോഗത്തിന്റെ കൃത്യത ഉറപ്പാക്കുന്നതിന് ഫ്യുവൽ അബ്സ്ട്രാക്ട് എഴുതുന്നില്ല |
| 27 | 1-27 | വെള്ളക്കരം-കുടിശ്ശിക അടച്ചുതീർക്കാൻ നടപടി സ്വീകരിക്കുന്നില്ല |
| | ഭാഗം 2 | |
| 28 | 2-1 | റോഡിന്റെ വിസ്തൃതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവിൽ നിന്നും ചില കെട്ടിടഉടമകൾ ഒഴിവാക്കപ്പെട്ടു-754 രൂപയുടെ വസ്തുനികുതി നഷ്ടം |
| 29 | 2-2 | ഒരേ ഉപയോഗക്രമമായിരുന്നിട്ടും ആകെ വിസ്തൃതിയിൽ വസ്തുനികുതി ചുമത്തിയില്ല- 2540/- രൂപയുടെ നികുതി നഷ്ടം |
| | ഭാഗം 3 | |
| 30 | 3-1 | വ്യക്തമായ കാരണങ്ങളില്ലാതെ കുറഞ്ഞ തുകകളുടെ ക്വട്ടേഷൻ റദ്ദ് ചെയ്ത് സ്കൂളുകളിലേക്ക് ഫർണിച്ചർ വാങ്ങലുകൾ-1,29,060/- രൂപ നിരാകരിക്കുന്നു |
| 31 | 3-2 | നല്ലൊരുഭാഗം പ്ലൈവുഡ്ഡിൽ നിർമ്മിച്ച അലമാരകൾക്ക് ആഞ്ഞിലിത്തടിയുടെ വിലനൽകി വാങ്ങൽ നടത്തുക വഴി കരാറുകാരന് അധികം തുക അനുവദിച്ചു |
| | ഭാഗം 4 | |
| 32 | 4-1 മുതൽ<br>4-11 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 33 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 34 | അനുബന്ധം-2 | |

## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

2018-19 ലെ ബജറ്റ് 21.03.2018 ലെ 1(1) തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ്-ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 3494980 |
| വരവ് | 135089560 |
| ആകെ വരവ് | 138584540 |
| ആകെ ചെലവ് | 134659416 |
| നീക്കിയിരിപ്പ് | 3925124 |

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 20-04-2019 |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

2018-19 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിക്കുകയും പരിശോധന റിപ്പോർട്ട് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ട് ഈ റിപ്പോർട്ടിന്റെ ഭാഗമാണ്. കൂടാതെ ഓഡിറ്റ് സമയത്ത് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വിധവ പെൻഷൻ തുക (വരവും, ചെലവും) വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിട്ടില്ല.

2) വികസന ഫണ്ട് (ജനറൽ) ശീർഷകത്തിൽ 3 ഗഡുക്കളായി ആകെ 13171000/- രൂപ 18-19 വർഷം ഗ്രാമപഞ്ചായത്തിന് ലഭിച്ചിരുന്നു. ഇതിൽ 291371/- രൂപ കേരള വാട്ടർ അതോറിറ്റിയുടെ വെള്ളക്കര കുടിശികയിലും, 719/- രൂപ KSEB കുടിശികയിനത്തിലും ഉറവിടത്തിൽ കുറവ് ചെയ്തിരുന്നു. എന്നാൽ ഇപ്രകാരം സോഴ്സിൽ കുറവു ചെയ്ത 292090/-രൂപ ഉൾപ്പെടുത്താതെയാണ് ഈയിനത്തിലെ ആകെ വരവും, ചെലവും എസിആർ, എഎഫ്എസ്സ് എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. തന്മൂലം എസിആർ, എഎഫ്എസ്സ് എന്നിവ ഗ്രാമപഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി വ്യക്തമാക്കുന്നില്ല.

### 1-4 സാമ്പത്തിക വിശകലനം (റസീറ്റ് ആൻഡ് പേയ്മെന്റ് കണക്കുകളുടെ പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 7312492 |
| വരവ് | 78587799 |

| | |
|---|---|
| ആകെ | 85900291 |
| ചെലവ് | 76262412 |
| നീക്കിയിരിപ്പ് | 9637879 |

## 1-5 ഫണ്ട് വിനിയോഗവിവരം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | - | 12878910 | 12878910 | 12677618 | 201292 |
| വികസനഫണ്ട്-എസ്.സി.പി | - | 3474000 | 3474000 | 3405485 | 68515 |
| വികസനഫണ്ട്-ടി.എസ്.പി | - | 104000 | 104000 | 75200 | 28800 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | - | 6860000 | 6860000 | 3532154 | 3327846 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | - | 2780000 | 2780000 | 2780000 | -- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | - | 7313193 | 7313193 | 4863816 | 2449377 |
| കെ.എൽ.എസ്.ജി.ഡി.പി | 119 | 34303 | 34422 | 34276 | 146 |
| സംയുക്ത പ്രൊജക്ട് (ബ്ലോക്ക് പഞ്ചായത്ത്) | 100000 | 4889406 | 4984406 | 3013084 | 976322 |
| സംയുക്ത പ്രൊജക്ട് (ജില്ല പഞ്ചായത്ത്) | 7100 | 4371451 | 4378551 | 3065000 | 1313551 |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പിലാക്കിയവ (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പിലാക്കിയവ (എണ്ണം) | നടപ്പിലാക്കാത്തവ (എണ്ണം) | പൂർത്തിയാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 135 | 11,59,94,445 | 85 | 5,91,50,219 | 27 | 23 | 63 |

## 1-7 തൊഴിലുറപ്പ് പദ്ധതി വരവ്-ചെലവ്

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 86853 | 691051 | 777904 | 763956 | 13948 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | - | 43,558,619 | 43,558,619 | 43,558,619 | - |
| ആകെ | 86853 | 44249670 | 44336523 | 44322575 | 13945 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 209280 | 142 |
| കർഷകതൊഴിലാളി പെൻഷൻ | 3151200 | 778 |
| വിധവാപെൻഷൻ | 10087700 | 2529 |
| വാർദ്ധക്യകാലപെൻഷൻ | 15680000 | 4021 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 3464000 | 789 |
| വിവാഹധനസഹായം | 120000 | 4 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03/02/2020 02.50 പി.എം-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 21847/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്ത് തീരുമാനങ്ങൾ യഥാസമയം നടപ്പാക്കുന്നുണ്ടോ എന്നത് നിരീക്ഷിക്കപ്പെടുന്നില്ല. മുൻകമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി തുടർകമ്മിറ്റികളിൽ വിലയിരുത്തുന്നതായി മിനിട്സിൽ രേഖയില്ല.
2. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ ഫലപ്രാപ്തിയിന്മേൽ മോണിട്ടറിംഗ് കമ്മിറ്റി വിലയിരുത്തൽ നടത്തുന്നതായി രേഖയില്ല. പ്രോജക്ട് ഫയലുകൾക്കൊപ്പം മോണിട്ടറിംഗ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.
3. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്.
4. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള വാഹനത്തിന്റെ ലോഗ് ബുക്കിൽ പ്രതിമാസ ഇന്ധന ഉപഭോഗസംബന്ധമായ സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തൽ വരുത്തുന്നില്ല.
5. വിവിധ വർഷങ്ങളിലായി ലക്ഷങ്ങൾ മുടക്കിയ ആസ്തികൾ അനുബന്ധ ഭൌതിക സൌകര്യങ്ങളിലെ അപര്യാപ്തത മൂലം നിർദ്ദിഷ്ടാവശ്യങ്ങൾക്കായി പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.
6. പദ്ധതി ആസൂത്രണത്തിലെ വീഴ്ച മൂലം വലിയ തുക മുടക്കി വാങ്ങിയ ഉപകരണങ്ങൾ സ്ഥാപിക്കാൻ കഴിയാതെ സൂക്ഷിച്ചിരിക്കുകയാണ്.

അപാകതകൾ പരിഹരിക്കുന്നതിനായി ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13-01-2020 | 12/2019 | 13-01-2020 |
| അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10-07-2017 മുതൽ 25-10-2017 | 2012-13 മുതൽ 2016-17 വരെ | 24-11-2017 |

## 1-12 തൊഴിൽ നികുതി പൂർണ്ണമായും ഡിമാൻഡ് ചെയ്യുന്നില്ല

1994 ലെ കേരള പഞ്ചയത്ത് രാജ് നിയമം വകുപ്പ് 204,205 വകുപ്പുകൾ അവയുടെ കീഴിൽ ഉണ്ടാക്കിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ ആയ ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഈ ഇനത്തിൽ ലഭിക്കാവുന്ന മുഴുവൻ തൊഴിൽ നികുതി വരുമാനവും ഈടാക്കുന്നതിന് ശ്രമിക്കുന്നില്ല. നിരവധി സ്ഥാപനങ്ങളെയും ടി സ്ഥാപനങ്ങളിലെ ജീവനക്കാരെയും തൊഴിൽനികുതി ചുമത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1)താഴെ പറയുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാൻഡിൽ ഉൾപ്പെടുന്നില്ല**

എ) യോഗക്ഷേമം ലോൺസ് ലിമിറ്റഡ്, പുല്ലുകുളങ്ങര

ബി) കോമളത്ത് ഫിനാൻസ്, പുല്ലുകുളങ്ങര

സി) മുളമൂട്ടിൽ ഫൈനാൻസിയേഴ്സ്, കണ്ടല്ലൂർ

ഡി)പുതിയ വിള ക്ഷീരോത്പാദക സഹകരണ സംഘം A52(D) APCOS

ഇ) കണ്ടല്ലൂർ വടക്ക് കെ.യു.സി.എസ് ലിമിറ്റഡ് No.A126(D) APCOS

എഫ് ) കണ്ടപ്പുറം ക്ഷീരോത്പാദക സഹകരണ സംഘം No.A231(D) APCOS

ജി) കീരിക്കാട് ക്ഷീരോത്പാദക സഹകരണ സംഘം No.A245(D) APCOS

എച്ച് ) പുതിയവിള വടക്ക് കെ.യു.സി.എസ് ലിമിറ്റഡ് No.67 (D) APCOS

ഐ) ശാന്തി നികേതൻ ഇംഗ്ലീഷ് മീഡിയം സ്കൂൾ (കെട്ടിട നം.10/140)

**2) റേഷൻ കടകളുടെ തൊഴിൽ നികുതി ഈടാക്കിയില്ല**

പഞ്ചായത്ത് പരിധിയിൽ 15 കേരള സംസ്ഥാന പൊതുവിതരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയുടെ ലൈസൻസികളെ തൊഴിൽ നികുതി ചുമത്തിയിട്ടില്ല. കേരള സംസ്ഥാന പൊതുവിതരണ കേന്ദ്രങ്ങളുടെ ലൈസൻസികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | എ.ആർ.ഡി നം. | ലൈസൻസിയുടെ പേര് |
|---|---|---|
| 1 | 82 | പി.വി.ശർമ്മിള |
| 2 | 83 | സരോജിനിയമ്മ |
| 3 | 84 | മുന്ന ശങ്കർ |
| 4 | 85 | കെ.സുകുമാരൻ നായർ |
| 5 | 86 | കെ.സുമേഷ് കുമാർ |
| 6 | 87 | രാധാകൃഷ്ണൻ |
| 7 | 88 | എൻ.തങ്കച്ചി |
| 8 | 89 | ബിജു.പി |
| 9 | 90 | പി.ജി ജയസിംഹറാവു |
| 10 | 91 | സെക്രട്ടറി എസ്സ്.സി.എസ് -1418 |
| 11 | 92 | കെ.സുമതി |
| 12 | 93 | സതിയമ്മ |
| 13 | 94 | സരസ്വതി |
| 14 | 95 | സെക്രട്ടറി എസ്സ്.സി.എസ് -1440 |
| 15 | 252 | പ്രസന്നകുമാർ |

ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ബാധകമായ സ്ഥാപനങ്ങളുടെ തൊഴിൽ നികുതിയും ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിൽ അറിയിക്കേണ്ടതാണ്.

## 1-13 റോഡിന്റെ വിസ്തൃതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവിൽ നിന്നും ചില കെട്ടിടഉടമകൾ ഒഴിവാക്കപ്പെട്ടു-754/- രൂപയുടെ വസ്തുനികുതി നഷ്ടം

കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൻമേൽ വരുത്തേണ്ട ഇളവുകൾ, വർദ്ധനവുകൾ എന്നിവ സംബന്ധിച്ചും ഇതിന് അടിസ്ഥാനമാക്കേണ്ട ഘടകങ്ങൾ എന്തെല്ലാമാണെന്നത് സംബന്ധിച്ചും 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-6 വ്യക്തമാക്കുന്നുണ്ട്. ഈ

ചട്ടത്തിലെ പട്ടിക -2 ന്റെ ക്രമ നം-1 ഇന പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതുണ്ട്. എന്നാൽ ചുവടെ ചേർക്കുന്ന നികുതിനിർണ്ണയ നമ്പരിലുള്ള കെട്ടിടങ്ങളുടെ നികുതിനിർണ്ണയ ഫയലിലെ *കംപ്ലീഷൻ പ്ലാൻ* പ്രകാരം ടി കെട്ടിടങ്ങൾക്ക് അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുണ്ടായിരുന്നിട്ടും ടി കെട്ടിടങ്ങൾക്ക് ബാധകമാക്കേണ്ട അടിസ്ഥാന വസ്തുനികുതിയിലെ വർദ്ധനവിൽ നിന്നും ഒഴിവാക്കപ്പെട്ടു. കെട്ടിട ഉടമകളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമയുടെ പേര്<br>കെട്ടിടത്തിന്റെ നമ്പർ-തറവിസ്തൃതി-ഉപയോഗക്രമം | ചുമത്തിയ വസ്തുനികുതി<br>ലൈ.സെസ് | ചുമത്തേണ്ടിയിരുന്ന വസ്തുനികുതി<br>ലൈ.സെസ് | വ്യത്യാസം |
|---|---|---|---|---|
| 1 | ശാന്തമ്മ, അച്യുതാലയത്തിൽ തെക്ക്, കണ്ടല്ലൂർ-10/360 A-159.42 ച.മീ-പാർപ്പിടാവശ്യം | @6<br>അടിസ്ഥാന വസ്തുനികുതി-956.2<br>ഇളവ് -ദ്വീതീയമേഖല-10%<br>വസ്തുനികുതി-861<br>ലൈ.സെസ്-44 | @6<br>അടിസ്ഥാന വസ്തുനികുതി-956.2<br>വർദ്ധനവ് റോഡ്-20%<br>ഇളവ് -ദ്വീതീയമേഖല-10%<br>വസ്തുനികുതി-1052<br>ലൈ.സെസ്-53 | വസ്തുനികുതി-191<br>ലൈ.സെസ്-9 |
| 2 | ഉല്ലാസ് ഉദയസേനൻ/രമണി, ഉദയഭവനം, പുതിയവിള-4/85 B-211.43 ച.മീ | @6<br>അടിസ്ഥാന വസ്തുനികുതി-1268.58<br>വസ്തുനികുതി-1269<br>ലൈ.സെസ്-64 | @6<br>അടിസ്ഥാന വസ്തുനികുതി-1268.58<br>വർദ്ധനവ് റോഡ്-20% -253.71<br>വസ്തുനികുതി-1523<br>ലൈ.സെസ്-77 | വസ്തുനികുതി-254<br>ലൈ.സെസ്-13 |
| 3 | ബിജു,ബിനു, കാട്ടിൽകുന്നേൽ, കണ്ടല്ലൂർ സൌത്ത്-10/396A-257.4 ച.മീ | @6<br>അടിസ്ഥാന വസ്തുനികുതി-1544.4<br>ഇളവ് -ദ്വീതീയമേഖല-10%-154.44<br>വസ്തുനികുതി-1390<br>ലൈ.സെസ്-70 | @6<br>അടിസ്ഥാന വസ്തുനികുതി-1544.4<br>വർദ്ധനവ് റോഡ്-20% -308.88<br>ഇളവ് -ദ്വീതീയമേഖല-10%-154.44<br>വസ്തുനികുതി-1699<br>ലൈ.സെസ്-85 | വസ്തുനികുതി-309<br>ലൈ.സെസ്-15 |

| |
|---|
| ആകെ കുറവ് വസ്തു നികുതി : 754.00<br>ആകെ കുറവ് ലൈബ്രെറി സെസ്സ് :37 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ചീടാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. നികുതി പുനർനിർണ്ണയിച്ചീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-14 ഒരേ ഉപയോഗക്രമമായിരുന്നിട്ടും ആകെ വിസ്തൃതിയിൽ വസ്തുനികുതി ചുമത്തിയില്ല- 2540 രൂപയുടെ നികുതി നഷ്ടം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 അനുസരിച്ച് ഏഴ് വിഭാഗങ്ങളിലായി തിരിച്ചിരിക്കുന്ന ഓരോ ഇനം കെട്ടിടത്തിന്റെയും അവയുടെ ഉപഗണങ്ങളുടെയും അടിസ്ഥാനവസ്തുനികുതി നിരക്ക് സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതിയുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/തസ്വഭവ പ്രകാരം നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ, പഞ്ചായത്ത് പരിധിയിലെ 100 ച.മീറ്റർ വരെയുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 50 രൂപയും 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 70 രൂപയും ആയിനികുതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരുന്നു. എന്നാൽ ഓഡിറ്റ് പരിശോധനയിൽ ചില വാണിജ്യാവശ്യകെട്ടിടങ്ങളെ അവയുടെ ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ആകെ വിസ്തീർണ്ണം | ഉടമയുടെ പേര്<br>കെട്ടിടത്തിന്റെ നമ്പർ-തറവിസ്തൃതി | ചുമത്തിയ വസ്തുനികുതി @50/$m^2$ + ലൈ.സെസ് | ചുമത്തേണ്ടിയിരുന്ന വസ്തുനികുതി @70/$m^2$ + ലൈ.സെസ് | വ്യത്യാസം |
|---|---|---|---|---|
| 108 ച.മീ | ഷൈജിമോൻ,ഫാരിസ് കോട്ടേജ്, എരുവ<br>7/157 A-55ച.മീറ്റർ | @50<br>അടിസ്ഥാന വസ്തു നികുതി-2750<br>റോഡ്- 20% -550<br>വസ്തുനികുതി-3300<br>ലൈ.സെസ്-165 | @70<br>അടിസ്ഥാന വസ്തു നികുതി -3850<br>റോഡ്- 20% -770<br>വസ്തുനികുതി-4620<br>ലൈ.സെസ്-231 | വസ്തുനികുതി-1320<br>ലൈ.സെസ്-66 |
| | ഷൈജിമോൻ, ഫാരിസ് കോട്ടേജ്, എരുവ<br>7/157 B-53ച.മീറ്റർ | അടിസ്ഥാന വസ്തുനികുതി-2650<br>വർദ്ധനവ് റോഡ്- +20%- 530<br>*ഒന്നാം നില- ഇളവ് -5%-132.5<br>വസ്തുനികുതി-3047<br>ലൈ.സെസ്-152 | അടിസ്ഥാന വസ്തുനികുതി-3710<br>വർദ്ധനവ് റോഡ്- +20%- 742<br>*ഒന്നാം നില- ഇളവ്-5%-185.5<br>വസ്തുനികുതി-4267<br>ലൈ.സെസ്-213 | വസ്തുനികുതി-1220<br>ലൈ.സെസ്-61 |
| ആകെ കുറവ് വസ്തുനികുതി -2540 | | | | |

| ആകെ കുറവ് ലൈബ്രറി സെസ്-127 |
|---|

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ കെട്ടിടങ്ങളുടെ നികുതി പുന: നിർണ്ണയിച്ചീടാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. നികുതി പുനർനിർണ്ണയിച്ചീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

(*2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും ചട്ടങ്ങളിലെ ചട്ടം 9(5) പ്രകാരം വാണിജ്യാവശ്യത്തിനോ ഓഫീസ് ആവശ്യത്തിനോ ഉപയോഗപ്പെടുത്തുന്ന ഒരു ബഹുനിലകെട്ടിടത്തിന് ഭൂനിരപ്പിലുള്ള നിലയുടെ മുകളിലുള്ള ഓരോ നിലക്കും അതത് നിലക്ക് കണക്കാക്കിയ വാർഷിക വസ്തുനികുതിയുടെ അഞ്ചു ശതമാനം എന്ന തോതിൽ പരമാവധി 25 ശതമാനത്തിൽ അധികരിക്കാത്ത ഇളവ് നൽകാവുന്നതാണ്.)

## 1-15 അനധികൃത നിർമ്മാണം - സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നില്ല

രവീന്ദ്രൻ, ഉദയമ്മ, പുത്തൻ കണ്ടത്തിൽ, പട്ടോളി മാർക്കറ്റ് പി.ഒ എന്നയാൾ ടിയാളുടെ പേരിലുള്ള 310 ച.മീറ്റർ വിസ്തൃതിയിലുള്ള വാണിജ്യാവശ്യ കെട്ടിടം റെഗുലൈറൈസ് ചെയ്യുന്നതിനുള്ള അപേക്ഷ 07-01-2015 ൽ പഞ്ചായത്തിൽ സമർപ്പിച്ചിരുന്നു. എന്നാൽ കെട്ടിടം നിൽക്കുന്ന സർവ്വെ നമ്പർ ഉൾപ്പെടുന്ന ഭാഗം നിലമാണെന്ന കാരണത്താൽ കെട്ടിടം റെഗുലൈറൈസ് ചെയ്യുവാൻ സാധിക്കയില്ലെന്ന് അപേക്ഷകനെ 27-02-15 ലെ കത്ത് മുഖേന പഞ്ചായത്ത് അറിയിച്ചിരുന്നുവെങ്കിലും അനധികൃത നിർമ്മാണമെന്ന നിലയിലുള്ള നടപടികളൊന്നും സ്വീകരിച്ചില്ല. തുടർന്ന് അപക്ഷകൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രിബ്യൂണലിനെ സമീപിക്കുകയും ചെയ്തു. ട്രിബ്യൂണലിന്റെ വിധിയിലെ നിർദ്ദേശ പ്രകാരം (ട്രിബ്യൂണലിന്റെ വിധിയുടെ പകർപ്പ് പഞ്ചായത്തിൽ ലഭ്യമായിരുന്നില്ല) ഭൂവിനിയോഗ ഉത്തരവ് ക്ലോസ് 6 പ്രകാരം വാണിജ്യാവശ്യങ്ങൾക്കുള്ള അനുമതിക്കായി ജില്ലാകളക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. 13/02/018 ലെ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർ അപേക്ഷ നിരസിച്ചിരുന്നു. എന്നാൽ പഞ്ചായത്ത് നാളിതുവരെയും തുടർനടപടികളൊന്നും സ്വീകരിച്ചില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് അനുമതിയില്ലാത്ത ഈ കെട്ടിടം നിലവിൽ വാണിജ്യാവശ്യത്തിനായി ഉപയോഗിച്ചുവരുന്നുണ്ട്. നിയമാനുസൃതമല്ലാത്ത കെട്ടിടത്തിനെതിരെ നടപടി സ്വീകരിക്കാതിരുന്നത് കോടതി വ്യവഹാരങ്ങളിലേക്കും അതുവഴിയുള്ള പണചെലവിനും കാരണമായേക്കാം. പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതുണ്ട്. സ്വീകരിക്കുന്ന നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 നല്ലൊരു ഭാഗം പ്ലൈവുഡ്ഡിൽ നിർമ്മിച്ച അലമാരകൾക്ക് ആഞ്ഞിലി തടിയുടെ വില നൽകി വാങ്ങൽ നടത്തുകവഴി കരാറുകാരന് അധികം തുക അനുവദിച്ചു

2017-18 വർഷം അംഗീകാരം ലഭിച്ച "പഞ്ചായത്ത് ഓഫീസ് നവീകരണം" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി (പ്രോജക്റ്റ് നം.106/17-18) ഓഫീസിൽ തടികൊണ്ട് അലമാര നിർമ്മിച്ച് സ്ഥാപിക്കുന്നതിനായി 17.03.2018-ൽ ടെണ്ടർ ക്ഷണിച്ചിരുന്നു. ഇതനുസരിച്ച് ഫോറസ് ഇൻഡസ്ട്രീസ്, കോട്ടയം; വെൽഫാബ്, കണ്ടല്ലൂർ എന്നീ രണ്ടു സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചിട്ടുണ്ട്. പഞ്ചായത്ത് ആവശ്യപ്പെട്ട അളവുകൾ പ്രകാരം 4 അലമാര ആഞ്ഞിലിതടിയിൽ നിർമ്മിച്ചു സ്ഥാപിക്കുന്നതിന് ഫോറസ് ഇൻഡസ്ട്രീസ് രേഖപ്പെടുത്തിയിരുന്ന നിരക്ക് 4,72,790/- രൂപയും, വെൽഫാബ് രേഖപ്പെടുത്തിയ നിരക്ക് 4,69,463/- രൂപയുമായിരുന്നു. എന്നാൽ അലമാരയുടെ ഡോറുകൾ പലകതടി അല്ലെങ്കിൽ 18 mm മറൈൻ പ്ലൈവുഡ്ഡ് എന്നാണ് വെൽഫാബിന്റെ ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ആഞ്ഞിലി തടി കൂടാതെ മഹാഗണി (4,67,991), മാഞ്ചിയം (4,21,247), അക്വേഷ്യ (4,12,949), മൂർക്കറ്റംതടി (3,69,927) എന്നീ തടികളിൽ അലമാര നിർമ്മിച്ചു നൽകുന്നതിനുള്ള നിരക്കും വെൽഫാബിന്റെ ടെണ്ടറിൽ രേഖപ്പെടുത്തിയിരുന്നു. 26.03.2018-ൽ കൂടിയ പഞ്ചായത്തു കമ്മിറ്റി ആഞ്ഞിലി തടിയിൽ നിർമ്മിച്ച അലമാരകൾ, നിശ്ചിത അളവിൽ നിർമ്മിച്ചു സ്ഥാപിക്കുന്നതിന് വെൽഫാബ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി തീരുമാനിച്ചു (1/4 തീരുമാനം). 525 ചതുരശ്ര അടിയുള്ള അലമാര നിർമ്മിച്ചു നൽകിയതിന് 4,68,299/- രൂപയുടെ ബില്ല് സ്ഥാപനം ലഭ്യമാക്കിയതിനെ തുടർന്ന് 4,41,366/-രൂപ 30.05.2018-ലും (ട്രഷറി ബിൽ നം:11/30.05.2018), 26,933/- രൂപ 23.08.2018 – ലും (ട്രഷറി ബിൽ നം.18/23.08.2018) പിൻവലിച്ച് സ്ഥാപനത്തിന് നൽകി. പദ്ധതി നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്ത് ഓഫീസിൽ സ്ഥാപിക്കാനുദ്ദേശിച്ച അലമാരകളുടെ അളവുകൾ സംബന്ധമായി (specification) എസ്റ്റിമേറ്റ് തയ്യാറാക്കിയതായി രേഖയില്ല. വ്യക്തമായ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാതെ സ്ഥാപനം ലഭ്യമാക്കിയ അലമാര നിശ്ചിത അളവുകളോട് കൂടിയതെന്ന് ഉറപ്പാക്കിയത് എപ്രകാരമെന്ന് വ്യക്തമല്ല. കൂടാതെ വ്യക്തമായ സ്പെസിഫിക്കേഷൻ പറഞ്ഞ് സപ്ലെ ഓർഡർ നൽകിയതായും രേഖയില്ല.
2. സപ്ലെ ഓർഡർ ലഭിച്ച സ്ഥാപനം ചമച്ച എഗ്രിമെന്റ് പൂർണ്ണമല്ല. എഗ്രിമെന്റ് നമ്പർ, തീയതി തുടങ്ങിയ അടിസ്ഥാനവിവരങ്ങൾ പോലും എഗ്രിമെന്റിൽ രേഖപ്പെടുത്തിയിട്ടില്ല.
3. പൂർണ്ണമായും ആഞ്ഞിലിതടിയിൽ നിർമ്മിച്ച അലമാര സ്ഥാപിക്കുന്നതിനാണ് ഫോറസ് ഇൻഡസ്ട്രീസ് നിരക്ക് രേഖപ്പെടുത്തിയിരുന്നത്. എന്നാൽ വെൽഫാബ് ആകട്ടെ അലമാരയുടെ ഡോറുകൾ ഒഴികെ ആഞ്ഞിലിതടിയിൽ നിർമ്മിക്കുന്നുവെന്നും, ഡോറുകൾ പലക/18 mm മറൈൻ പ്ലൈവുഡ് എന്നുമാണ് രേഖപ്പെടുത്തിയിരുന്നത്. അലമാര മുഴുവൻ ആഞ്ഞിലിതടിയിൽ നിർമ്മിച്ചു നൽകാം എന്നു സമ്മതിച്ച സ്ഥാപനത്തെ ഒഴിവാക്കി വെൽഫാബിനെ ചുമതലപ്പെടുത്തിയപ്പോഴാകട്ടെ ഡോറുകൾ ഏതു വേണമെന്ന് നിർദ്ദേശിച്ചതുമില്ല. ടി സ്ഥാപനം സപ്ലെ ചെയ്ത അലമാരകൾ പരിശോധിച്ചതിൽ അലമാരയുടെ ഡോറുകൾ മറൈൻ പ്ലൈവുഡ് ഉപയോഗിച്ചും, പുറകുവശം മുഴുവൻ കട്ടി കുറഞ്ഞ സാധാരണ പ്ലൈവുഡ് ഉപയോഗിച്ചും (6 mm) നിർമ്മിച്ചവയാണ്. ഇപ്രകാരം പ്ലൈവുഡിൽ നിർമ്മിച്ച അലമാരകളുടെ പുറകുവശം പൊടിഞ്ഞു തുടങ്ങിയ നിലയിലുമാണ്. ഓഡിറ്റിൽ നിന്നും ആവശ്യപ്പെട്ടതനുസരിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ റിപ്പോർട്ടുപ്രകാരം അലമാരകളുടെ 43.82 $m^2$ ഭാഗം ഇപ്രകാരം സാധാരണ പ്ലൈവുഡ് (6 mm) കൊണ്ട് നിർമ്മിച്ചവയാണ്. ഡോർ ഒഴികെ മറ്റെല്ലാ ഭാഗവും ആഞ്ഞിലിതടിയിൽ നിർമ്മിച്ചു നൽകാം എന്ന് സമ്മതിച്ചിരുന്ന സ്ഥാപനം അതിൽ നിന്നും വിഭിന്നമായി അലമാര നിർമ്മിച്ചു നൽകിയിട്ടും ആയത് പരിശോധിക്കാതെ ആഞ്ഞിലിതടിയുടെ നിരക്കിൽ ബിൽ തുക മുഴുവൻ അനുവദിച്ച നടപടി ക്രമവിരുദ്ധമാണ്.
4. സ്ഥാപനം നിർമ്മിച്ചു നൽകിയ അലമാരയുടെ ഡോർ മറൈൻ പ്ലൈവുഡ് കൊണ്ടുള്ളതും, പുറകുവശം സാധാരണ പ്ലൈവുഡ് കൊണ്ടുള്ളതുമായിരിക്കെ, ആഞ്ഞിലിതടിയിൽ നിർമ്മിച്ച ഫയൽ റാക്ക് 4.549 $m^2$ ഉള്ളതാണെന്നാണ് ഓവർസിയറും, അസിസ്റ്റന്റ് എഞ്ചിനീയറും ഒപ്പിട്ട സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. സ്ഥാപിക്കാൻ ഉദ്ദേശിച്ചതും സപ്ലെ ഓർഡർ നൽകിയതും ആഞ്ഞിലിതടിയിൽ നിർമ്മിച്ച അലമാരയാണെന്നിരിക്കെ 'ഫയൽ റാക്കെന്ന' പേരിൽ മൂല്യനിർണ്ണയം നടത്തിയതിനുള്ള കാരണവും വ്യക്തമല്ല. കൂടാതെ സാക്ഷ്യപത്രത്തിൽ പറഞ്ഞിട്ടുള്ള അളവും കരാറുകാരൻ ലഭ്യമാക്കിയ ബില്ലിലെ അളവും തമ്മിൽ യാതൊരു പൊരുത്തവുമില്ല.

മുകളിൽ പ്രതിപാദിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/03.02.2020) സെക്രട്ടറിയും, അസിസ്റ്റന്റ് എഞ്ചിനീയറും മറുപടി ലഭ്യമാക്കിയില്ല. ഇപ്രകാരം ആഞ്ഞിലി തടിയിൽ അലമാര നിർമ്മിച്ചു നൽകാൻ കരാറെടുത്ത സ്ഥാപനം, അവയുടെ നല്ലൊരു ഭാഗം ക്വാളിറ്റി കുറഞ്ഞ പ്ലൈവുഡിൽ നിർമ്മിച്ചു നൽകിയിട്ടും അവയെ ആഞ്ഞിലിതടിയെന്ന പേരിൽ തെറ്റായി മൂല്യനിർണ്ണയം നടത്തി തുക അനുവദിച്ച നടപടി ബന്ധപ്പെട്ടവരുടെ ഭാഗത്തു നിന്നുമുള്ള ഗുരുതര വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. വിഷയത്തിൽ ആവശ്യമായ അന്വേഷണം നടത്തി തുടർനടപടി സ്വീകരിക്കുവാൻ ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു. ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരമറിയിക്കാത്തപക്ഷം ഈ വാങ്ങൽ മൂലമുണ്ടായ നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായിരിക്കുന്നതാണ്. മുകളിൽ വിവരിച്ച കാരണങ്ങളാൽ 4,68,299/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-17 വ്യക്തമായ കാരണങ്ങളില്ലാതെ കുറഞ്ഞ തുകകളുടെ ക്വട്ടേഷൻ റദ്ദ് ചെയ്ത് സ്കൂളുകളിലേക്ക് ഫർണിച്ചർ വാങ്ങലുകൾ-1,29,060 രൂപ നിരാകരിക്കുന്നു

ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട സർക്കാർ യു.പി സ്കൂളുകൾക്ക് ബഞ്ചും ഡസ്കും വാങ്ങുന്നതിനായി 2017-18 വർഷം ആവിഷ്കരിച്ചതായിരുന്നു ഈ പദ്ധതി.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 09/2017-18 |

| | |
|---|---|
| പദ്ധതിയുടെ പേര് | സ്കൂളുകളിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ |
| ഫണ്ടിനം | 500000 (മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം) |
| നിർവ്വഹണ ഉദ്യോഗസ്ഥ | എച്ച്.എം, പുതിയവിള ഗവ.എൽ.പി.എസ് |

പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി 20-12-2017 ൽ ഇ-ടെണ്ടർ പരസ്യം നൽകുകയുണ്ടായി. ചുവടെ ചേർക്കുന്ന സ്പെസിഫിക്കേഷനിലുള്ള ഉരുപ്പടികൾ ലഭ്യമാക്കുന്നതിന് വേണ്ടിയാണ് ഗ്രാമപഞ്ചായത്ത് ടെണ്ടർ ക്ഷണിച്ചിരുന്നത്.

| | |
|---|---|
| ബഞ്ച് (ആഞ്ഞിലി തടി കൊണ്ട് നിർമ്മിച്ചത്) | നീളം -183 സെ.മീ |
| | വീതി-30 സെ.മീ |
| | ഉയരം-42 സെ.മീ |
| ഡെസ്ക് (ആഞ്ഞിലി തടി കൊണ്ട് നിർമ്മിച്ചത്) ബാഗ് വെക്കുന്ന തട്ടോട് കൂടിയത് | നീളം -183 സെ.മീ |
| | വീതി-30 സെ.മീ |
| | ഉയരം-70 സെ.മീ |

പരസ്യപ്രകാരം 5 സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ ലഭിക്കുകയുണ്ടായി. മുകളിൽ സൂചിപ്പിച്ച സ്പെസിഫിക്കേഷനിലുള്ള ഉപകരണങ്ങൾക്ക് ലഭിച്ച ടെണ്ടറിലെ ഇനങ്ങളുടെ വിലവിവരം (ഒരെണ്ണത്തിന്റെ വീതം) ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ബഞ്ചിന്റെ വില (ആഞ്ഞിലി തടി) | ഡെസ്കിന്റെ വില (ആഞ്ഞിലി തടി) | ആകെ |
|---|---|---|---|
| CEEKO ഫർണ്ണിച്ചർ, മൂവാറ്റുപുഴ | 2307 | 2908 | 5215 |
| SIDCO SSE,കൊല്ലം | 2300 | 3700 | 6000 |
| GOLDEN GLOBE ഇൻഡസ്ട്രീസ്, ഏറ്റുമാനൂർ | 2996 | 5000 | 7976 |
| P S Timbers,അമയന്നൂർ കോട്ടയം | 3368 | 4374 | 7742 |
| ARTCO LTD. കോഴിക്കോട് | 3072 | 4985 | 805 |

എന്നാൽ ലഭിച്ച ടെണ്ടറുകളിൻമേൽ തുടർ നടപടികൾ ഒന്നും സ്വീകരിക്കാതെ 12-02-18 ൽ ചേർന്ന ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ അടിയന്തിര യോഗത്തിൽ പദ്ധതി നിർവ്വഹണത്തിനായി തുടർന്നുവന്ന എല്ലാ നടപടിക്രമങ്ങളും റദ്ദ് ചെയ്യാൻ തീരുമാനിച്ചതായാണ് രേഖ. (തീരുമാനം-I/10) പ്രസ്തുത കമ്മിറ്റിയിൽ പദ്ധതിക്കായി വകയിരുത്തിയ തുകയിൽ നിന്ന് 50000 രൂപ കുറവ് ചെയ്യുന്നതിനും, അളവുകൾ കൃത്യമാക്കുന്നതിനും വേണ്ടി പ്രോജക്റ്റ് ഭേദഗതി ചെയ്യണമെന്ന തീരുമാനം കൂടി ഉൾപ്പെടുത്തുകയുണ്ടായി. എന്നാൽ ലഭിച്ച കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ പരിഗണിച്ച് വാങ്ങൽ നടത്തിയാൽ ആകെ ചെലവ് 4.5 ലക്ഷത്തിൽ കുറവ് മാത്രമാണെന്നിരിക്കെ ഇപ്രകാരമൊരു തീരുമാനമെടുത്തതിന്റെ പ്രസക്തിയെന്തെന്ന് വ്യക്തമല്ല.

ആഞ്ഞിലി തടിയിൽ നിർമ്മിച്ച ഫർണ്ണിച്ചറുകൾ കുറഞ്ഞ നിരക്കിലും നിർദ്ദിഷ്ട സ്പെസിഫിക്കേഷനിലും സപ്ലൈ ചെയ്യാമെന്ന് ടെണ്ടർ മുഖേന ഒന്നിലധികം സ്ഥാപനങ്ങൾ സമ്മതിച്ചിരിക്കെ മതിയായ വ്യവസ്ഥകൾ ഉൾപ്പെടുത്തി എഗ്രിമെന്റിൽ ഏർപ്പെട്ട് സപ്ലൈ ഓഡർ നൽകുന്നതിന് പകരം വ്യക്തമായ കാരണങ്ങളില്ലാതെ പ്രസ്തുത ടെണ്ടർ റദ്ദ് ചെയ്യുവാൻ കമ്മിറ്റി തീരുമാനമെടുത്തതായാണ് രേഖ. ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് നിഷ്കർഷിച്ച അളവിലുള്ള സാധനങ്ങൾ നൽകാനാവില്ലായെന്ന വിവരം ഫോൺ മുഖേന അറിയിച്ചതിനാൽ ടെണ്ടർ നടപടിക്രമങ്ങൾ റദ്ദ് ചെയ്യുന്നുവെന്നാണ് മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്.സാധനങ്ങൾ നൽകാനാവില്ലെന്ന് സ്ഥാപനങ്ങൾ രേഖാമൂലം പഞ്ചായത്തിനെ അറിയിച്ചിട്ടുള്ള പക്ഷം ആയത് ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി നം. 1/28-01-20 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും അധികൃതർ മറുപടി ലഭ്യമാക്കിയില്ല.

നിർദ്ദിഷ്ട സ്പെസിഫിക്കേഷനോട് കൂടിയ ഫർണ്ണിച്ചറുകൾ ലഭ്യമാക്കുവാൻ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനങ്ങളുമായി ആലോചിക്കുന്നതിനും ആവശ്യപ്പെടുന്നതിനും ഉതകുന്ന ഏതെങ്കിലും തരത്തിലുള്ള നീക്കങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായില്ല എന്നത് ഫയലിൽ വ്യക്തമാണ്. തുടർ വർഷം ഇതിലേക്കായി ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങൽ നടത്തിയതാകട്ടെ ഇതേ സ്പെസിഫിക്കേഷനോട് കൂടിയ ഉപകരണങ്ങളാണ്. ഇതിൽ നിന്നും മതിയായ കാരണങ്ങൾ ഒന്നും ഇല്ലാതെയാണ് ടെണ്ടർ നടപടികൾ റദ്ദ് ചെയ്തതെന്ന് വ്യക്തമാകുന്നു. തുടർന്ന് ഈ പദ്ധതി 2018-19 സാമ്പത്തിക വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തി ക്വട്ടേഷൻ ക്ഷണിക്കുകയും പദ്ധതി വീണ്ടും പുതിയ വിള ഗവ: എൽ.പി.എസ് ഹെഡ്മിസ്ട്രസ് നിർവ്വഹണം നടത്തുകയും ചെയ്തു.

വിശദാംശം ചുവടെ ചേർക്കുന്നു.

<table>
<tr><td>പ്രോജക്റ്റ് നമ്പർ</td><td colspan="2">102/019</td></tr>
<tr><td>വികസനഫണ്ട് (സി.എഫ്.സി)</td><td colspan="2">1,65,000</td></tr>
<tr><td>മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)</td><td colspan="2">2,85,000</td></tr>
<tr><td>ആകെ വകയിരുത്തിയ തുക</td><td colspan="2">4,50,000</td></tr>
<tr><td rowspan="2">ആകെ ചെലവഴിച്ച തുക</td><td rowspan="2">441960</td><td>ബിൽ നം- /18-19 തീയതി.30-07-18 തുക-276960</td></tr>
<tr><td>ബിൽ നം- 3/18-19 തീയതി.30-07-18 തുക-165000</td></tr>
</table>

പദ്ധതിക്കുവേണ്ടി 17-03-18 ൽ നടത്തിയ ക്വട്ടേഷൻ പ്രകാരം 3 സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ലഭിച്ചു. ഉപകരണങ്ങളുടെ സ്പെസിഫിക്കേഷനുകളെല്ലാം മുൻ ടെണ്ടറിൽ ഉൾപ്പെടുത്തിയവ തന്നെയായിരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ബഞ്ച് വില | ഡെസ്ക് വില | ആകെ |
|---|---|---|---|
| തമ്പുരാൻ കാലായിൽ, നാരങ്ങാനം, കോഴഞ്ചേരി | 3890 | 9440 | 13330 |
| വെൽഫാബ്, കണ്ടല്ലൂർ | 2655 | 4711 | 7366 |
| ഫോർസ് ഇൻഡസ്ട്രീസ് നീറിക്കാട്, കോട്ടയം | 7481.2 (ഒരു ജോഡി ബഞ്ചിനും ഡെസ്കിനും) | 7481.2 (ഒരു ജോഡി ബഞ്ചിനും ഡെസ്കിനും) | 7481.2 |

26-03-2018 ലെ I/(5) നമ്പർ തീരുമാന പ്രകാരം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ വെൽഫാബ് കണ്ടല്ലൂർ എന്ന സ്ഥാപനത്തെ പദ്ധതി നിർവ്വഹണത്തിനായി തെരെഞ്ഞെടുക്കുകയും അവരിൽ നിന്നും ബഞ്ചു ഡെസ്കും 60 എണ്ണം വീതം വാങ്ങി സ്റ്റോക്കിൽ ചേർത്ത് ബന്ധപ്പെട്ട സ്കൂളുകൾക്ക് വിതരണം നടത്തുകയും ചെയ്തു.

പ്രസ്തുത വാങ്ങലുമായി ബന്ധപ്പെട്ട് പ്രക്യുവർമെന്റ് കമ്മിറ്റി ചർച്ച ചെയ്തതായോ തീരുമാനം കൈക്കൊണ്ടതായോ ഉള്ള വിരങ്ങൾ കമ്മിറ്റി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല. കമ്മിറ്റികൾ യഥാക്രമം കൂടാതെയും ചർച്ചചെയ്യാതെയും ഗുണനിലവാര പരിശോധന നടത്താതെയും സാധനസാമഗ്രികൾ വാങ്ങിയത് മാർഗ്ഗരേഖക്ക് വിരുദ്ധമാണ്.

സാധനങ്ങൾ ലഭ്യമാക്കിയ *വെൽഫാബ്* എന്ന സ്ഥാപനം ഹാജരാക്കിയ വിലനിലവാര സ്റ്റേറ്റ്മെന്റിൽ സ്ഥാപനത്തിന്റെ പേര്, തീയതി എന്നിവയൊന്നും രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനത്തിന്റെ സീലോ, ലെറ്റർപാഡോ ഒന്നും ഉപയോഗിക്കാതെയാണ് ക്വട്ടേഷൻ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്.

ഇ-ടെണ്ടറിൽ പങ്കെടുത്ത ഒന്നിലധികം സ്ഥാപനങ്ങൾ പഞ്ചായത്ത് നിർദ്ദേശിച്ച സ്പെസിഫിക്കേഷനോട് കൂടിയ ഉപകരണങ്ങൾ കുറഞ്ഞ തുകക്ക് നിർമ്മിച്ച് നൽകാമെന്ന് സമ്മതിച്ചിരുന്നിട്ടും അവരിൽ നിന്നും വാങ്ങുന്നതിന് പകരം ടെണ്ടർ റദ്ദ് ചെയ്ത് ഉയർന്ന വിലക്ക് അതേ സ്പെസിഫിക്കേഷനോട് കൂടിയ ഉപകരണങ്ങൾ ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങലുകൾ നടത്തിയ നടപടിയെ സാധൂകരിക്കുന്നതിന് യാതൊരു കാരണവും അധികൃതർ ഹാജരാക്കിയിട്ടില്ല. ക്രമപ്രകാരമല്ലാത്ത ഈ വാങ്ങലിലൂടെ ഗ്രാമപഞ്ചായത്തിന് അധികമായി തുക ചെലവഴിക്കേണ്ടതായിവന്നു. ആദ്യ ഇ-ടെണ്ടറിൽ കുറഞ്ഞ തുക ക്വോട്ട് ചെയ്ത സീക്കോ ഫർണ്ണിച്ചർ, മൂവാറ്റുപുഴ എന്ന സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ വാങ്ങിയിരുന്നുവെങ്കിൽ 60 ജോഡി ഡസ്കിനും ബഞ്ചിനും കൂടി ചെലവഴിക്കേണ്ടി വരുമായിരുന്ന തുകയും വെൽഫാബ് കണ്ടല്ലൂർ എന്ന സ്ഥാപനത്തിൽ നിന്ന് 60 ജോഡി ഡസ്കും ബഞ്ചും വാങ്ങിയ ഇനത്തിൽ നൽകിയ തുകയും തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ബഞ്ച് വില (ആഞ്ഞിലി) | ഡെസ്ക് വില (ആഞ്ഞിലി) | ആകെ | 60 ജോഡി ഡസ്ക്, ബഞ്ച് എന്നിവയുടെ ആകെ വില |
|---|---|---|---|---|
| CEEKO ഫർണ്ണിച്ചർ മൂവാറ്റുപുഴ | 2307 | 2908 | 5215 | 312900 |
| വെൽ ഫാബ് കണ്ടല്ലൂർ | 2655 | 4711 | 7366 | 441960 |
| വ്യത്യാസം | | | | 129060 |

ഇപ്രകാരം ക്രമപ്രകാരമല്ലാത്ത നടപടികളിലൂടെ വാങ്ങൾ നടത്തി 129060 രൂപയുടെ അധിക ചെലവുണ്ടാക്കിയത് സംബന്ധിച്ച് വിശദീകരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-1/2020 തീയതി.28-01-2020) ടെണ്ടർ ഉൾപ്പെടെയുള്ള പദ്ധതി പ്രവർത്തനങ്ങളിൽ, തന്നെ ഉൾപ്പെടുത്തിയില്ലെന്നും 12-02-2018 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റിയുടെ അടിയന്തിര യോഗം തന്റെ ശുപാർശ അനുസരിച്ചല്ല ആദ്യ ടെണ്ടർ റദ്ദ് ചെയ്തതെന്നും നിർവ്വഹണോദ്യോഗസ്ഥ രേഖാമൂലം മറുപടി നൽകി. കൂടാതെ ഈ പ്രോജക്റ്റ് സ്പിൽ ഓവറാക്കി നടപ്പാക്കുന്നതിനുള്ള ക്വട്ടേഷൻ പരസ്യം തയ്യാറാക്കി, തന്നെ ഓഫീസിൽ വിളിച്ചുവരുത്തി ഒപ്പുവയ്പ്പിക്കുകയുമായിരുന്നുവെന്ന് നിർവ്വഹണോദ്യോഗസ്ഥ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രോജക്റ്റിന്റെ തുടർ നടപടികളിലൊന്നും നിർവ്വഹണോദ്യോഗസ്ഥയായ തന്നെ പങ്കെടുപ്പിച്ചിട്ടില്ലായെന്നും അവർ രേഖാമൂലം അറിയിച്ചിട്ടുണ്ട്.

ആദ്യ ടെണ്ടർ റദ്ദ് ചെയ്തതും പദ്ധതി അടങ്കൽ കുറച്ച് ഇ-ടെണ്ടർ ഒഴിവാക്കി ക്വട്ടേഷൻ നടപടികളിലൂടെ ഉയർന്ന നിരക്കിൽ വാങ്ങൽ നടത്തിയതും നിർവ്വഹണ ഉദ്യോഗസ്ഥയായ ഹെഡ്മിസ്ട്രസ്സിന്റെ അറിവോട് കൂടിയല്ലയെന്ന് ഈ മറുപടിയിൽ നിന്നും വ്യക്തമാകുന്നു. മേൽ നടപടി പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താൽപര്യങ്ങൾക്ക് വിരുദ്ധമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആദ്യ ടെണ്ടർ റദ്ദ് ചെയ്യുന്നതിന് തീരുമാനിച്ച 12-02-2018 ലെ പഞ്ചായത്ത് കമ്മിറ്റി യോഗ മിനിറ്റ്സിൽ (തീരുമാനം-1/10) ടെണ്ടറിൽ രേഖപ്പെടുത്തിയ ഫർണ്ണിച്ചറുകളുടെ അളവ്, എണ്ണം, മോഡൽ എന്നിവയിൽ വ്യത്യാസമുള്ളതായും പഞ്ചായത്ത് ആവശ്യപ്പെടുന്ന തരത്തിലുള്ള ഫർണ്ണിച്ചറുകൾ നൽകുവാൻ കഴിയില്ലായെന്ന് ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ ടെലിഫോൺ മുഖേന അറിയിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാങ്ങൽ നടത്തിയതാവട്ടെ ആദ്യ ടെണ്ടറിൽ ഉൾപ്പെട്ട അതേ സ്പെസിഫിക്കേഷനോട് കൂടിയ ഫർണ്ണിച്ചർ ആണ്. ആയതിനാൽ ആദ്യ ടെണ്ടർ റദ്ദ് ചെയ്ത നടപടി അകാരണമായിരുന്നുവെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഈ തീരുമാനം വഴി പഞ്ചായത്ത് ഫണ്ടിന് 129,060/- രൂപയുടെ നഷ്ടമുണ്ടായി. ആകയാൽ ഈ അധിക ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക 12-02-2018 ലെ പഞ്ചായത്ത് കമ്മറ്റിയോഗത്തിൽ പങ്കെടുത്ത പതിനാല് അംഗങ്ങൾ തെറ്റായ തീരുമാനത്തിന് വിയോജനക്കുറിപ്പ് രേഖപ്പെടുത്താത്ത സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-18 ലക്ഷങ്ങൾ മുടക്കി നിർമ്മിച്ച ആസ്തികൾ നിർദ്ദിഷ്ടാവശ്യത്തിന് ഉപയോഗിക്കാതെ നിഷ്ക്രിയമായി തുടരുന്നു

പഞ്ചായത്ത് വിവിധ വർഷങ്ങളിലായി ലക്ഷങ്ങൾ വിനിയോഗിച്ച് നിർമ്മിച്ച ആസ്തികൾ നിർദ്ദിഷ്ടാവശ്യത്തിന് ഉപയോഗിക്കാതിരിക്കുക മൂലം നിഷ്ക്രിയമായി തുടരുന്നു. ഇവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ആസ്തിയുടെ പേര് | ആസ്തിക്കായി വിനിയോഗിച്ച തുക | | | | |
|---|---|---|---|---|---|---|
| | | 2014-15 | 2015-16 | 2016-17 | 2017-18 | 2018-19 |
| 1 | ടെയിലറിംഗ് ട്രെയിനിംഗ് സ്കൂൾ കെട്ടിട നിർമ്മാണം | 342024 | - | - | - | - |
| 2 | മൃഗാശുപത്രി കെട്ടിടനിർമ്മാണം | - | 227149 | 1275734 | - | - |
| 3 | മൃഗാശുപത്രിക്ക് ചുറ്റുമതിൽ, ഗ്രൌണ്ട് ഫില്ലിംഗ് | - | - | - | - | 517503 |
| 4 | മാലിന്യശേഖരണത്തിന് അടിസ്ഥാന സൗകര്യങ്ങൾ (മെറ്റീരിയൽ റിക്കവറി സെന്റർ നിർമ്മാണവും വൈദ്യുതീകരണവും) | - | - | - | - | 854493 |

പഞ്ചായത്തുവക സ്ഥലത്ത് ഒരേ കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന പ്രസ്തുത കെട്ടിടങ്ങൾ വിശാലമായ ലക്ഷ്യം മുന്നിൽക്കണ്ട് നിർമ്മിച്ചവയാണെങ്കിലും ആയത് നിലവിലും നിർദ്ദിഷ്ടാവശ്യത്തിന് പ്രയോജനപ്പെടുത്താൻ അധികൃതർക്ക് കഴിഞ്ഞിട്ടില്ല. ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ പ്രസ്തുത കെട്ടിടങ്ങൾക്കു ചുറ്റുമുള്ള

പരിസരം താഴ്ന്നതും, വെള്ളം കെട്ടി നിൽക്കുന്നതുമാണ്. ടി കോമ്പൌണ്ടിലേക്കുള്ള മൺവഴിയും ഇതേ അവസ്ഥയിലാണ്. മൃഗാശുപത്രി കെട്ടിടത്തിനും മെറ്റീരിയൽ റക്കവറി സെന്ററിനും വൈദ്യുത കണക്ഷൻ ഇല്ല. ഇതുമൂലം നിലവിലും വാടക കെട്ടിടത്തിലാണ് മൃഗാശുപത്രിയുടെ പ്രവർത്തനം നടക്കുന്നത്. ഇതിന്മേൽ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം. 9/31.01.2020) മറുപടിയിൽ മെറ്റീരിയൽ റിക്കവറി സെന്ററിനും, മൃഗാശുപത്രി കെട്ടിടത്തിനും വൈദ്യുത കണക്ഷൻ ലഭിക്കുന്നതിനായി 2019-20 – ൽ പദ്ധതി ഏറ്റെടുത്തിട്ടുള്ളതായും, പ്രസ്തുത കെട്ടിടങ്ങൾ നിൽക്കുന്ന കോമ്പൗണ്ടിലേക്ക് റോഡ് നിർമ്മിക്കുന്നതിന് 2019-20-ൽ പദ്ധതി ആവിഷ്ക്കരിച്ച് ടെണ്ടർ ചെയ്തിട്ടുള്ളതായും സെക്രട്ടറി മറുപടി നൽകി.

മുകളിൽ പ്രതിപാദിച്ച അടിസ്ഥാന സൗകര്യ അപര്യാപ്തതകൾ എത്രയും വേഗം പരിഹരിച്ച് കെട്ടിടങ്ങൾ നിർദ്ദിഷ്ടാവശ്യത്തിന് ഉപയോഗിക്കുന്നതിലേക്കാവശ്യമായ സത്വര നടപടി സ്വീകരിക്കുവാൻ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 അങ്കണവാടികളിൽ വാട്ടർ പ്യൂരിഫൈയർ വാങ്ങിയത് ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു

പ്രോജക്ട് നം 34/ 19

പ്രോജക്ടിന്റെ പേര് - അങ്കണവാടികളിൽ വാട്ടർ പ്യൂരിഫയർ

നിർവഹണോദ്യോഗസ്ഥ - ഐ.സി.ഡി.എസ്. സൂപ്പർവൈസർ

ഈ പ്രോജക്ട് പ്രകാരം 139500/- രൂപ ചെലവഴിച്ച് (ട്രഷറി ബിൽ നം – 08/18-19/15-02-19) 10 വാട്ടർ പ്യൂരിഫയർ വാങ്ങി 10 അങ്കണവാടികളിൽ വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നമ്പർ | അങ്കണവാടിയുടെ നമ്പർ |
|---|---|---|
| 1 | 10 | 76 |
| 2 | 12 | 80 |
| 3 | 7 | 81 |
| 4 | 14 | 84 |
| 5 | 6 | 85 |
| 6 | 5 | 86 |
| 7 | 1 | 89 |
| 8 | 3 | 91 |
| 9 | 9 | 93 |
| 10 | 11 | 100 |

പ്യൂരിഫയറുകൾ കൈപ്പറ്റിയ അങ്കണവാടികളിൽ വാട്ടർ കണക്ഷൻ ലഭ്യമല്ലാത്തതിനാൽ 10 വാട്ടർ പ്യൂരിഫയറുകളും നിലവിൽ ഉപയോഗിക്കുന്നില്ലായെന്ന് നിർവ്വഹണോദ്യോഗസ്ഥ രേഖാമൂലം ഓഡിറ്റിനെ അറിയിച്ചു.(ഓഡിറ്റ് എൻക്വയറി നം-14 നുള്ള മറുപടി) ഒരു വർഷം വാറന്റിയുള്ള പ്യൂരിഫയറിന്റെ വാറന്റി പീരീഡിൽ ലഭ്യമാകാവുന്ന ആനുകൂല്യം ഇത് മൂലം നഷ്ടമായി.

അങ്കണവാടികളിൽ വാട്ടർ കണക്ഷൻ ലഭ്യമാക്കാനായി 2018-19 വർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ മറ്റൊരു പ്രോജക്ട് ഏറ്റെടുത്തിരുന്നുവെങ്കിലും ഈ പദ്ധതി പ്രാവർത്തികമായിട്ടില്ല. ഈ പദ്ധതിക്കായി 6000/- രൂപ (ചെക്ക് നം -136338/27-03-19) തനത് ഫണ്ടിൽ നിന്ന് കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. കൂടാതെ വാട്ടർ അതോറിറ്റിക്ക് നൽകുവാനായി 170000/- രൂപയുടെ ട്രഷറി ബിൽ തയ്യാറാക്കിയെങ്കിലും ഈ ബിൽ അടുത്തവർഷത്തെക്കുള്ള പേയ്മെന്റ് ക്യൂവിൽ പോയത് മൂലം 2018-19 വർഷം മാറി നൽകിയില്ല. തുടർന്ന് ഈ തുക 2019-20 വർഷം നൽകിയിട്ടുണ്ടെങ്കിലും ഓഡിറ്റ് സമയം വരെയും പ്രവൃത്തി പൂർത്തീകരിച്ച് അങ്കണവാടികളിൽ വാട്ടർ കണക്ഷൻ ലഭ്യമാക്കിയിട്ടില്ല. ഏതൊക്കെ അങ്കണവാടികൾക്ക് വേണ്ടിയാണ് ഈ പ്രോജക്ട് പ്രകാരം വാട്ടർ കണക്ഷൻ ലഭ്യമാക്കുന്നതെന്നുള്ള വിവരങ്ങൾ വാട്ടറതോറിറ്റിയുമായുള്ള കരാറിലോ

പദ്ധതിക്കായുള്ള എസ്റ്റിമേറ്റിലോ വ്യക്തമാക്കിയിട്ടില്ല.
വാട്ടർ പ്യൂരിഫയർ വാങ്ങിയ നടപടി വാങ്ങൽ സമിതിയും പ്രൊക്യൂർമെന്റ് കമ്മിറ്റിയും അംഗീകരിച്ചിട്ടില്ല. അങ്കണവാടികളിൽ വാട്ടർ കണക്ഷൻ ഉറപ്പുവരുത്തിയതിന് ശേഷമാണ് പ്യൂരിഫയർ വാങ്ങേണ്ടതെന്നിരിക്കെ ക്രമപ്രകാരമല്ലാത്ത നടപടിമൂലം വാങ്ങിയ പ്യൂരിഫയർ ഉപയോഗിക്കുവാൻ കഴിയാത്ത അവസ്ഥക്ക് കാരണമായതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആകയാൽ പ്രോജക്റ്റിന്റെ ഉദ്ദേശ ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ ചെലവ് തുക 139500/- രൂപ തടസ്സപ്പെടുത്തുന്നു. വാട്ടർപ്യൂരിഫയർ ഉപയോഗയോഗ്യമാക്കിയതിന്റെ വിശദാംശങ്ങളും പർച്ചേസ് കമ്മിറ്റി പ്രോക്യൂർമെന്റ് കമ്മിറ്റി എന്നിവയുടെ അനുമതി ലഭിച്ചതിന്റെ വിശദാംശങ്ങളും പരിശോധനക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 ഇടവിളക്കിറ്റ് - കിറ്റിലെ സാധനങ്ങളുടെ അളവ് നിർണയിച്ചിട്ടില്ല

പ്രോജക്ട് നം -78/19

പ്രോജക്ടിന്റെ പേര് - ഇടവിളകൃഷി (വനിത)

നിർവഹണം - കൃഷി ഓഫീസർ

ഈ പ്രോജക്ട് പ്രകാരം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷനിൽ നിന്ന് 770000/- രൂപയുടെ ഇടവിളക്കിറ്റ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഒരു കിറ്റിൽ ചേന, ചേമ്പ്, കാച്ചിൽ എന്നീ മൂന്ന് സാധനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നം. | വാങ്ങിയ കിറ്റുകളുടെ എണ്ണം | നിരക്ക് | ആകെ വില | ട്രഷറി ബിൽ നമ്പർ |
|---|---|---|---|---|
| Q-914/18-19/16-01-19 | 1200 | 500 | 600000 | 5/18-19/15-02-19 |
| AMB/370/18-19 /05-03-19 | 250 | 500 | 125000 | 6/18-19/13-03-19 |
| AMB/486/18-19 /21-03-19 | 90 | 500 | 45000 | 8/18-19/26-03-19 |
| ആകെ | | | 7,70,000 | |

ഒരു കിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ചേന, ചേമ്പ്, കാച്ചിൽ എന്നിവയുടെ അളവ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ ജില്ലാ വില നിർണയസമിതി അംഗീകരിച്ച നിരക്കിലാണോ സാധനങ്ങൾ വാങ്ങിയിട്ടുള്ളതെന്ന വസ്തുത നിർവഹണ ഉദ്യോഗസ്ഥ ഉറപ്പാക്കിയിട്ടില്ല. വാങ്ങിയ സാധനങ്ങളുടെ അളവ് സംബന്ധിച്ച് കൃഷി ഓഫീസറും സാക്ഷ്യപ്പെടുത്തിയിട്ടില്ല. ടി വാങ്ങലുകൾ വാങ്ങൽ സമിതിയോ, പ്രൊക്യുവർമെന്റ് കമ്മിറ്റിയോ അംഗീകരിച്ചിട്ടില്ല. ഈ അപാകതകൾക്ക് വിശദീകരണം തേടി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (14/01.02.2020) മറുപടി നല്കിയിട്ടില്ല. മേൽ കാരണങ്ങളാൽ ചെലവ് തുക 770000/- രൂപ തടസ്സപ്പെടുത്തുന്നു. പ്രസ്തുത വാങ്ങലുകൾ പർച്ചേസ് കമ്മിറ്റി പ്രക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 ഹരിതസേന-വയബിലിറ്റി ഗ്യാപ് ഫണ്ട് ചെലവഴിച്ചിട്ടില്ല

**പ്രോജക്ട് നം – 90/18-19**

**നിർവഹണോദ്യോഗസ്ഥ – സെക്രട്ടറി**

ഈ പ്രോജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് 300000/- രൂപ (ട്രഷറി ബിൽ നം 06/18-19/24-05-18) പിൻവലിച്ച് വാർഡ് സാനിട്ടേഷൻ സമിതികളുടെ അക്കൌണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. ഈ തുക നിലവിലും

ചെലവഴിക്കപ്പെടാതെ ബന്ധപ്പെട്ട അക്കൗണ്ടിൽ നിലനിൽക്കുകയാണ്. ഹരിതകർമ്മസേനക്ക് വയബിലിറ്റി ഗ്യാപ് ഫണ്ടായി നൽകേണ്ട തുക വാർഡ് സാനിട്ടേഷൻ സമിതികളുടെ അക്കൗണ്ടിലേക്ക് നൽകിയത് ശരിയായ നടപടിയല്ല. വയബിലിറ്റി ഗ്യാപ് ഫണ്ട് യൂസർ ഫീ പിരിച്ചെടുക്കുന്നതിലെ കുറവു മൂലമുണ്ടാകുന്ന അപര്യാപ്തത പരിഹരിക്കുന്നതിനും കൈയുറ, യൂണിഫോം, ഷൂസ്, മഴക്കോട്ട്, മറ്റ് അത്യാവശ്യ സാധനങ്ങൾ, അജൈവ മാലിന്യ ട്രാൻസ്പോർട്ടേഷൻ എന്നീ കാര്യങ്ങൾക്ക് വകയിരുത്തി വിനിയോഗിക്കുന്നതിനുമാണ്. ഈ തുക പരമാവധി 6 മാസത്തേക്കാണ് വകയിരുത്തേണ്ടത് (സർക്കുലർ നം -2152/സി1/ 2017/എസ്.എം.07-03-2018, ശുചിത്വ മിഷൻ) എല്ലാ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും കൃത്യതയോടെ യൂസർ ഫീ ലഭ്യമാകുന്നതിന് കുറച്ച് മാസക്കാലമെടുക്കുമെന്നതിനാൽ ഈ കാലയളവിൽ ഹരിത കർമസേനക്ക് വേണ്ടി ഫീൽഡ് തലത്തിലും അല്ലാതെയും പ്രവർത്തിക്കുന്നവരുടെ ദൈനം ദിന ചെലവുകൾക്കും പ്രവർത്തനാവശ്യങ്ങൾക്കുള്ള ചെറിയ ഉപകരണങ്ങളും സാധനങ്ങളും വാങ്ങുന്നതിനും അജൈവ മാലിന്യങ്ങൾ മെറ്റീരിയൽ റിക്കവറി സെന്ററിലേക്ക് എത്തിക്കുന്നതിനും മറ്റുമുള്ള ചെലവുകൾക്കായി ഈ തുക വിനിയോഗിക്കാവുന്നതാണ്. (സർക്കുലർ നമ്പർ-2152/സി1 /2016/എസ്.എം/തീയതി.07-03-2018) എന്നാൽ ഓഡിറ്റ് സമയത്തും ഇത് വിനിയോഗിക്കപ്പെടാതെ അവശേഷിക്കുന്നു. ഹരിതകർമ്മസേനയുടെ പ്രവർത്തനം സംബന്ധിച്ച് നല്കിയ എക്വയറിക്ക് (നം. 21/04.02.2020) നല്കിയ മറുപടിയിൽ ചുവടെ പറയുന്ന കാര്യങ്ങൾ വിശദീകരിച്ചിട്ടുണ്ട്.

നിലവിൽ ഓരോ വാർഡിൽ നിന്നും 2 പേർ വീതമടങ്ങുന്ന 30 പേരെ ഹരിതകർമ്മസേനാംഗങ്ങളായി തെരഞ്ഞെടുത്തിട്ടുണ്ട്. 2017 നവംബർ 30 ഡിസംബർ 1 തീയതികളിൽ ഹരിതകർമ്മസേനാംഗങ്ങൾക്ക് പരിശീലനം നല്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ വീടുകളിൽ നിന്നും 30 രൂപയും കടകളിൽ നിന്ന് 50 രൂപയും വീതം യൂസർ ഫീ നിശ്ചയിച്ചിട്ടുണ്ട്. മെറ്റീരിയൽ റിക്കവറി സെന്ററിന്റെ പണി നിലവിൽ പൂർത്തിയായിട്ടുണ്ടെന്നും 2020 ഫെബ്രുവരി 1 മുതൽ പ്ലാസ്റ്റിക് ശേഖരണം ആരംഭിച്ചിട്ടുണ്ടെന്നും മറുപടി നല്കിയിട്ടുണ്ട്. ആവശ്യകത നിർണയിക്കാതെ വയബിലിറ്റി ഗ്യാപ് ഫണ്ട് പിൻവലിച്ച് വാർഡ് സാനിട്ടേഷൻ സമിതികളുടെ അക്കൗണ്ടിലേക്ക് നല്കിയതിന് വിശദീകരണം നൽകേണ്ടതാണ്. മേൽ തുക സർക്കാരിലേക്ക് തിരികെ ഒടുക്കുകയോ അല്ലെങ്കിൽ നിലവിൽ പ്രവർത്തനമാരംഭിച്ച ഹരിതകർമ്മസേനക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് നല്കുന്നതിന് വിനിയോഗിക്കുകയോ ചെയ്യേണ്ടതും വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. വിശദാംശം ലഭ്യമാക്കുന്നത് വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-22 TDS(GST) ഈടാക്കാതെ കരാറുകാരന് ഫൈനൽ ബിൽ തുക അനുവദിച്ചു

| | | |
|---|---|---|
| പ്രോജക്ടിന്റെ പേരും നമ്പരും | : | മാലിന്യശേഖരണത്തിനുള്ള അടിസ്ഥാന സൌകര്യങ്ങൾ (101/18) |
| എസ്റ്റിമേറ്റ് | : | 9,59,000/- |
| കരാറുകാരൻ | : | ശ്രീ. മനോജ് കുമാർ |
| എഗ്രിമെന്റ് നം./തീയതി | : | 21/26.02.2018 |
| അളവുപുസ്തക നം. | : | 78/17-18, 121/17-18 |

22.06.2018-ൽ പൂർത്തീകരിച്ച ഈ പ്രവൃത്തിയുടെ ആകെ മൂല്യം 7,26,180/- രൂപയായി നിർണ്ണയിക്കുകയും, ഫൈനൽ ബിൽ തുക ഇനത്തിൽ 4,92,782/- രൂപ പിൻവലിക്കുകയും ചെയ്തിരുന്നു (ചെക്ക് നം.493375/15.12.18). ഇപ്രകാരം പിൻവലിച്ച തുകയിൽ നിന്നും VAT, KCWWF ഇനങ്ങളിൽ 9856/-രൂപ കുറവു ചെയ്ത് ശേഷിച്ച തുക കരാറുകാരന് നൽകിയതായാണ് രേഖ. എന്നാൽ 01.10.2018- ന ശേഷം 2.5 ലക്ഷം രൂപയ്ക്കു മേലുള്ള വർക്കുബില്ലുകളിൽ നിന്നും 2% TDS ഇനത്തിൽ (GST) ഈടാക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല (കേന്ദ്രധനകാര്യ വകുപ്പിന്റെ 13.09.2018-ലെ 50/2018 Central Tax വിജ്ഞാപനം). ഇതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 5/30.01.2020) തൃപ്തികരമായ വിശദീകരണം ലഭ്യമാക്കിയില്ല. ആകയാൽ ഈ വർക്കിനായി TDS ഉൾപ്പെടെയുള്ള നികുതി (2%) കരാറുകാരൻ GST വകുപ്പിൽ ഒടുക്കിയിട്ടുണ്ടെന്നതിന്റെ രേഖകൾ ലഭ്യമാക്കാത്തപക്ഷം TDS ഇനത്തിൽ 9856/- രൂപ (492782 x 2%) ടിയാനിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

### 1-23 എഗ്രിമെന്റ് പ്രകാരമുള്ള നിർവ്വഹണ കാലയളവ് കഴിഞ്ഞ് രണ്ടു വർഷത്തോളമായിട്ടും പ്രവൃത്തി പാതിവഴിയിൽ

| | | |
|---|---|---|
| പ്രവൃത്തിയുടെ പേര് | : | ലക്ഷം വീട് കോളനി (കാണിക്കവഞ്ചി ഇടത്തിട്ട റോഡ്) പുനരുദ്ധാരണം |
| പ്രോജക്ട് നം. | : | 78/18 |
| എസ്റ്റിമേറ്റ് | : | 2,42,000 |
| കരാറുകാരൻ | : | ശ്രീ. ഗോപാലകൃഷ്ണപിള്ള |
| എഗ്രിമെന്റ് നം./ തീയതി | : | 11/05.12.17 |
| അളവുപുസ്തക നം. | : | 119/17-18 |

റോഡ് ടാറിംഗ്, ഡ്രെയിനേജ്, ക്രോസ് ഡ്രെയിൻ എന്നീ പ്രവൃത്തികൾക്കായാണ് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിരുന്നതും, പദ്ധതിക്ക് അംഗീകാരം ലഭിച്ചിരുന്നതും. 2,41,453/- രൂപ ക്വാട്ട് ചെയ്ത ശ്രീ.ഗോപാലകൃഷ്ണപിള്ളയുടെ ടെണ്ടർ പഞ്ചായത്തു കമ്മിറ്റി അംഗീകരിച്ചതിനെ തുടർന്ന് ടിയാനെ നിർവ്വഹണ ചുമതല ഏൽപ്പിച്ചു (18.11.2017-ലെ 1-ാം നമ്പർ തീരുമാനം). ഈ പ്രവൃത്തിയിൽ ഉൾപ്പെട്ടിരുന്ന റോഡ് ടാറിംഗ് 13.03.18-ൽ പൂർത്തീകരിച്ചു. ആയതിന് 93,536/- രൂപ മൂല്യം നിർണ്ണയിക്കുകയും നികുതികൾ, റിട്ടെൻഷൻ (2.5%), എന്നീ ഇനങ്ങളിൽ 4208/- രൂപ കഴിച്ച് ശേഷിച്ച 89328/- രൂപ കരാറുകാരന് നൽകിയതായാണ് രേഖ (ബിൽ നം.10/30.05.18). പദ്ധതി പ്രവർത്തനങ്ങൾ 31.03.18 – നുള്ളിൽ പൂർത്തീകരിക്കേണ്ടതായിരുന്നുവെങ്കിലും ശേഷിച്ച വേലകൾ ഓഡിറ്റ് സമയംവരെ (1/2020) നടത്തിയതായോ, ഈയിനത്തിൽ കരാറുകാരന് തുക അനുവദിച്ചതായോ രേഖയില്ല. പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന്മേൽ കരാറുകാരൻ പഞ്ചായത്തുമായി/നിർവ്വഹണ ഉദ്യോഗസ്ഥനുമായി ഏതെങ്കിലും കത്തിടപാടുകൾ നടത്തിയതായി രേഖയില്ല. യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നിട്ടും കരാറുകാരനെതിരെ ഏതെങ്കിലും നടപടി സ്വീകരിച്ചതായി രേഖയില്ല. തുടർവർഷം ഈ പ്രവൃത്തി സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ വിഷയം പഞ്ചായത്തു കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിനും രേഖയില്ല. ഇതിന്മേൽ വിശദീകരണം ലഭ്യമാക്കുവാനും, കരാറുകാരന്റെ റിട്ടെൻഷൻ തുക, സെക്യൂരിറ്റി നിക്ഷേപം എന്നിവ മടക്കി നൽകിയിട്ടുണ്ടോ എന്നത് പരിശോധിച്ച് റിപ്പോർട്ട് നൽകുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/30.01.2020). വശങ്ങളിലെ ഡ്രെയിൻ നിർമ്മാണത്തിന് സ്ഥലം ലഭ്യമാകാതിരുന്നതിനാലാണ് പ്രവൃത്തി നടപ്പാക്കാൻ കഴിയാതിരുന്നതെന്നും ഈ വിവരം പഞ്ചായത്ത് കമ്മിറ്റിയെ വാക്കാൽ അറിയിച്ചിരുന്നതായും നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകി. എന്നാൽ മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയില്ല. ആകയാൽ വിഷയത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനായി ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

### 1-24 ആസ്തി രജിസ്റ്ററിന്റെ പരിപാലനത്തിൽ വീഴ്ച

പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്ററിന്റെ പരിപാലനത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ നിലനിൽക്കുന്നു.

1. പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികളുടെ മുഴുവൻ വിവരങ്ങൾ ഉൾക്കൊള്ളിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ അപൂർണ്ണവും, രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തൽ വരുത്താത്തവയുമാണ്.

2. ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളിന്മേൽ ബ്ലോക്ക് പഞ്ചായത്ത് നടത്തുന്ന നിർമ്മാണ പ്രവൃത്തിയുടെ വിവരം ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾക്കൊള്ളിക്കുന്നില്ല.

3. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് എം.പി/എം.എൽ.എ ഫണ്ട് ഉപയോഗിച്ച് നടത്തുന്ന നിർമ്മാണ പ്രവൃത്തികളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾക്കൊള്ളിക്കുന്നില്ല.

4. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിരവധി റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടപ്പാക്കുന്നുവെങ്കിലും ഇവയുടെ വിവരവും ആസ്തി രജിസ്റ്ററിൽ ഉൾക്കൊള്ളിക്കുന്നില്ല.

5. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള റോഡുകളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന റോഡ് രജിസ്റ്ററും, റോഡ് മാപ്പും സൂക്ഷിച്ചിട്ടില്ല.

അപാകതകൾ പരിഹരിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 ആരോഗ്യജാഗ്രതാ പ്രവർത്തനഫണ്ടിന്റെ ചെലവ് രേഖകൾ ഹാജരാക്കിയില്ല- 1,50,000/- രൂപ തടസ്സപ്പെടുത്തുന്നു

2018-19 സാമ്പത്തികവർഷം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് ആരോഗ്യജാഗ്രതാ പ്രവർത്തനങ്ങൾക്കും, ശുചീകരണ പ്രവർത്തനങ്ങൾക്കുമായി വാർഡ് ഒന്നിന് 10000/-രൂപ നിരക്കിൽ (15 വാർഡ്) 150000/-രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. തുക വാർഡ് തല സാനിട്ടേഷൻ സമിതിയുടെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് നടത്തിയിട്ടുണ്ട്. അനുവദിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽ നം. | തീയതി | ഇനം | തുക | ചെക്ക് നമ്പർ | വൌച്ചർനമ്പർ |
|---|---|---|---|---|---|
| 156 | 05.06.18 | ശുചിത്വഫണ്ട് ആരോഗ്യജാഗ്രതാ പ്രവർത്തനഫണ്ട്. | 150000 | 000493374 (TSP) | 21800156 |

പ്രസ്തുത തുകയുടെ ചെലവുരേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് വേളയിൽ പലതവണ നിർദ്ദേശം നൽകിയിട്ടും അധികൃതർ രേഖകൾ ഹാജരാക്കുകയുണ്ടായില്ല. രോഗപ്രതിരോധപ്രവർത്തനങ്ങൾ, മഴക്കാല പൂർവ്വ ശുചീകരണപ്രവർത്തനങ്ങൾ എന്നിവയുടെ സമയബന്ധിതമായ പ്രവർത്തനങ്ങൾക്കായി നല്കിയ ഫണ്ടിന്റെ ചെലവ് രേഖകൾ അടിയന്തിരമായി ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്ന് ഓഡിറ്റ് എൻക്വയറി (നമ്പർ 22/04.02.2020) പ്രകാരം ആവശ്യപ്പെടുകയുണ്ടായി. രേഖകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവഴിച്ച തുകയായ 1,50,000/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ അടിയന്തിരമായി ഹാജരാക്കാത്തപക്ഷം ചെലവുതുക ബന്ധപ്പെട്ടവരുടെ ബാധ്യതയായി നിശ്ചയിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## 1-26 ഇന്ധന ഉപഭോഗത്തിന്റെ കൃത്യത ഉറപ്പാക്കുന്നതിന് ഫ്യുവൽ അബ്സ്ട്രാക്ട് എഴുതുന്നില്ല

ഗ്രാമപഞ്ചായത്തിലെ വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ വാഹന പരിപാലനവുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ലെന്ന് കാണുന്നു. വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസറുടെയോ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ സാന്നിദ്ധ്യത്തിൽ ഫുൾ ടാങ്ക് ഇന്ധനം നിറയ്ക്കേണ്ടതാണ്. ഇന്ധനം നിറച്ച തീയതി, ടാങ്കിലെ ഇന്ധനത്തിന്റെ അളവ്, ഹാജരായിരുന്ന ഉദ്യോഗസ്ഥന്റെ പേര്, ഉദ്യോഗപ്പേര്, ഒപ്പ് എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ടാങ്ക് പൂർണ്ണമായും നിറച്ചതിന് ശേഷം വാഹനം ഓടിയ ദൂരവും വീണ്ടും നിറയ്ക്കുന്നതിനുള്ള അളവും കണക്കിലെടുത്ത് ഒരു കിലോമീറ്ററിനുള്ള ഇന്ധന ഉപഭോഗത്തിന്റെ അളവ് കണക്കാക്കേണ്ടതും കാര്യമായ വ്യതിയാനം കാണുന്ന പക്ഷം വാഹനത്തിന്റെ കേട്പാട് തീർക്കേണ്ടതുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ ഉപയോഗത്തെ സംബന്ധിക്കുന്ന സർക്കാർ ഉത്തരവ് നമ്പർ(എം.എസ്)170/07 തസ്വഭവ. തീയതി. 30.06.2007 പ്രകാരം പൊതുമാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വാഹനത്തിന്റെ ലോഗ് ബുക്കിൽ ഫ്യുവൽ അബ്സ്ട്രാക്ട് എഴുതി സൂക്ഷിക്കാത്തതിനാൽ ഇന്ധന ഉപഭോഗവും ഇന്ധനക്ഷമതയും പരിശോധിച്ച് ഉറപ്പാക്കുന്നതിന് സാധ്യമല്ലാതെ വരുന്നു.അധികൃതർ ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-27 വെള്ളക്കരം-കുടിശ്ശിക അടച്ചുതീർക്കാൻ നടപടി സ്വീകരിക്കുന്നില്ല

പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തന ക്ഷമമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല. ആയതിനാൽ പ്രതിമാസ വെള്ളക്കരമിനത്തിൽ 1,85,938/- രൂപ അടക്കുന്നുണ്ടെങ്കിലും ആയതിന്റെ ആധികാരികത ഉറപ്പാക്കപ്പെടുന്നില്ല. വെള്ളക്കര കുടിശ്ശികയിനത്തിൽ 2018-19 വർഷത്തിൽ 561361/- രൂപ സ്രോതസ്സിൽ നിന്ന് പിടിച്ച് വാട്ടർ

അതോറിറ്റിക്ക് നല്കിയിട്ടുണ്ട്. പ്രതിമാസ വെള്ളക്കരം മുടക്കമില്ലാതെ അടക്കുന്നുണ്ടെങ്കിലും കുടിശ്ശികയിനത്തിലുള്ള ഡിമാന്റിന് ഫൈൻ ഇനത്തിൽ വൻതുക വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്നതിനാൽ കുടിശ്ശിക തുക വൻ തോതിൽ ഉയർന്നുകൊണ്ടിരിക്കുകയാണ്. അതിനാൽ വെള്ളക്കരക്കുടിശ്ശിക പൂർണമായും അടച്ച് തീർക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 റോഡിന്റെ വിസ്തൃതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവിൽ നിന്നും ചില കെട്ടിടഉടമകൾ ഒഴിവാക്കപ്പെട്ടു-754 രൂപയുടെ വസ്തുനികുതി നഷ്ടം

കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൻമേൽ വരുത്തേണ്ട ഇളവുകൾ, വർദ്ധനവുകൾ എന്നിവ സംബന്ധിച്ചും ഇതിന് അടിസ്ഥാനമാക്കേണ്ട ഘടകങ്ങൾ എന്തെല്ലാമാണെന്നത് സംബന്ധിച്ചും 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-6 വ്യക്തമാക്കുന്നുണ്ട്. ഈ ചട്ടത്തിലെ പട്ടിക -2 ന്റെ ക്രമ നം-1 ഇന പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതുണ്ട്. എന്നാൽ ചുവടെ ചേർക്കുന്ന നികുതിനിർണ്ണയ നമ്പരിലുള്ള കെട്ടിടങ്ങളുടെ നികുതിനിർണ്ണയ ഫയലിലെ *കംപ്ലീഷൻ പ്ലാൻ* പ്രകാരം ടി കെട്ടിടങ്ങൾക്ക് അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുണ്ടായിരുന്നിട്ടും ടി കെട്ടിടങ്ങൾക്ക് ബാധകമാക്കേണ്ട അടിസ്ഥാന വസ്തുനികുതിയിലെ വർദ്ധനവിൽ നിന്നും ഒഴിവാക്കപ്പെട്ടു. കെട്ടിട ഉടമകളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമയുടെ പേര് കെട്ടിടത്തിന്റെ നമ്പർ-തറവിസ്തൃതി-ഉപയോഗക്രമം | ചുമത്തിയ വസ്തുനികുതി ലൈ.സെസ് | ചുമത്തേണ്ടിയിരുന്ന വസ്തുനികുതി ലൈ.സെസ് | വ്യത്യാസം |
|---|---|---|---|---|
| 1 | ശാന്തമ്മ, അച്യുതാലയത്തിൽ തെക്ക്, കണ്ടല്ലൂർ-10/360 A-159.42 ച.മീ-പാർപ്പിടാവശ്യം | @6<br>അടിസ്ഥാന വസ്തുനികുതി-956.2<br>ഇളവ് -ദ്വീതീയമേഖല-10%<br>വസ്തുനികുതി-861<br>ലൈ.സെസ്-44 | @6<br>അടിസ്ഥാന വസ്തുനികുതി-956.2<br>വർദ്ധനവ് റോഡ്-20%<br>ഇളവ് -ദ്വീതീയമേഖല-10%<br>വസ്തുനികുതി-1052<br>ലൈ.സെസ്-53 | വസ്തുനികുതി-191<br>ലൈ.സെസ്-9 |
| 2 | ഉല്ലാസ് ഉദയസേനൻ/രമണി, ഉദയഭവനം, പുതിയവിള-4/85 B-211.43 ച.മീ | @6<br>അടിസ്ഥാന വസ്തുനികുതി-1268.58<br>വസ്തുനികുതി-1269<br>ലൈ.സെസ്-64 | @6<br>അടിസ്ഥാന വസ്തുനികുതി-1268.58<br>വർദ്ധനവ് റോഡ്-20% -253.71<br>വസ്തുനികുതി-1523 | വസ്തുനികുതി-254<br>ലൈ.സെസ്-13 |

| | | | | |
|---|---|---|---|---|
| | | | ലൈ.സെസ്-77 | |
| 3 | ബിജു,ബിനു, കാട്ടിൽകുന്നേൽ, കണ്ടല്ലൂർ സൌത്ത്-10/396A-257.4 ച.മീ | @6<br>അടിസ്ഥാന വസ്തുനികുതി-1544.4<br>ഇളവ് -ദ്വീതീയമേഖല-10%-154.44<br>വസ്തുനികുതി-1390<br>ലൈ.സെസ്-70 | @6<br>അടിസ്ഥാന വസ്തുനികുതി-1544.4<br>വർദ്ധനവ് റോഡ്-20% -308.88<br>ഇളവ് -ദ്വീതീയമേഖല-10%-154.44<br>വസ്തുനികുതി-1699<br>ലൈ.സെസ്-85 | വസ്തുനികുതി-309<br>ലൈ.സെസ്-15 |
| ആകെ കുറവ് വസ്തു നികുതി : 754.00<br>ആകെ കുറവ് ലൈബ്രെറി സെസ്സ് :37 | | | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ചീടാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. നികുതി പുനർനിർണ്ണയിച്ചീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

### 2-2 ഒരേ ഉപയോഗക്രമമായിരുന്നിട്ടും ആകെ വിസ്തൃതിയിൽ വസ്തുനികുതി ചുമത്തിയില്ല- 2540/- രൂപയുടെ നികുതി നഷ്ടം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 അനുസരിച്ച് ഏഴ് വിഭാഗങ്ങളിലായി തിരിച്ചിരിക്കുന്ന ഓരോ ഇനം കെട്ടിടത്തിന്റെയും അവയുടെ ഉപഗണങ്ങളുടെയും അടിസ്ഥാനവസ്തുനികുതി നിരക്ക് സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതിയുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/തസ്വഭവ പ്രകാരം നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ, പഞ്ചായത്ത് പരിധിയിലെ 100 ച.മീറ്റർ വരെയുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 50 രൂപയും 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 70രൂപയും ആയി നികുതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരുന്നു. എന്നാൽ ഓഡിറ്റ് പരിശോധനയിൽ ചില വാണിജ്യാവശ്യകെട്ടിടങ്ങളെ അവയുടെ ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ആകെ വിസ്തീർണ്ണം | ഉടമയുടെ പേര് കെട്ടിടത്തിന്റെ നമ്പർ-തറവിസ്തൃതി | ചുമത്തിയ വസ്തുനികുതി @50/$m^2$ + ലൈ.സെസ് | ചുമത്തേണ്ടിയിരുന്ന വസ്തുനികുതി @70/$m^2$ + ലൈ.സെസ് | വ്യത്യാസം |
|---|---|---|---|---|
| 108 ച.മീ | ഷൈജിമോൻ,ഫാരിസ് കോട്ടേജ്, എരുവ<br>7/157 A-55ച.മീറ്റർ | @50<br>അടിസ്ഥാന വസ്തുനികുതി-2750<br>റോഡ്- 20% -550<br>വസ്തുനികുതി-3300<br>ലൈ.സെസ്-165 | @ 70<br>അടിസ്ഥാന വസ്തുനികുതി-3850<br>റോഡ്- 20% -770<br>വസ്തുനികുതി-4620<br>ലൈ.സെസ്-231 | വസ്തുനികുതി-1320<br>ലൈ.സെസ്-66 |
| | ഷൈജിമോൻ, ഫാരിസ് കോട്ടേജ്, എരുവ<br>7/157 B-53ച.മീറ്റർ | അടിസ്ഥാന വസ്തുനികുതി-2650<br>വർദ്ധനവ് റോഡ്- +20%- 530<br>*ഒന്നാം നില- ഇളവ് -5%-132.5<br>വസ്തുനികുതി-3047<br>ലൈ.സെസ്-152 | അടിസ്ഥാന വസ്തുനികുതി-3710<br>വർദ്ധനവ് റോഡ്- +20%- 742<br>*ഒന്നാം നില- ഇളവ്-5%-185.5<br>വസ്തുനികുതി-4267<br>ലൈ.സെസ്-213 | വസ്തുനികുതി-1220<br>ലൈ.സെസ്-61 |
| ആകെ കുറവ് വസ്തുനികുതി -2540<br>ആകെ കുറവ് ലൈബ്രറി സെസ്-127 | | | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ കെട്ടിടങ്ങളുടെ നികുതി പുന: നിർണ്ണയിച്ചീടാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. നികുതി പുനർനിർണ്ണയിച്ചീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

(*2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും ചട്ടങ്ങളിലെ ചട്ടം 9(5) പ്രകാരം വാണിജ്യാവശ്യത്തിനോ ഓഫീസ് ആവശ്യത്തിനോ ഉപയോഗപ്പെടുത്തുന്ന ഒരു ബഹുനിലകെട്ടിടത്തിന് ഭൂനിരപ്പിലുള്ള നിലയുടെ മുകളിലുള്ള ഓരോ നിലക്കും അതത് നിലക്ക് കണക്കാക്കിയ വാർഷിക വസ്തുനികുതിയുടെ അഞ്ചു ശതമാനം എന്ന തോതിൽ പരമാവധി 25 ശതമാനത്തിൽ അധികരിക്കാത്ത ഇളവ് നൽകാവുന്നതാണ്.)

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 വ്യക്തമായ കാരണങ്ങളില്ലാതെ കുറഞ്ഞ തുകകളുടെ ക്വട്ടേഷൻ റദ്ദ് ചെയ്ത് സ്കൂളുകളിലേക്ക് ഫർണിച്ചർ വാങ്ങലുകൾ-1,29,060/- രൂപ നിരാകരിക്കുന്നു

ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട സർക്കാർ യു.പി സ്കൂളുകൾക്ക് ബഞ്ചും ഡസ്കും വാങ്ങുന്നതിനായി 2017-18 വർഷം ആവിഷ്കരിച്ചതായിരുന്നു ഈ പദ്ധതി.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 09/2017-18 |
| പദ്ധതിയുടെ പേര് | സ്കൂളുകളിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ |

| | |
|---|---|
| ഫണ്ടിനം | 500000 (മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം) |
| നിർവ്വഹണ ഉദ്യോഗസ്ഥ | എച്ച്.എം, പുതിയവിള ഗവ.എൽ.പി.എസ് |

പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി 20-12-2017 ൽ ഇ-ടെണ്ടർ പരസ്യം നൽകുകയുണ്ടായി. ചുവടെ ചേർക്കുന്ന സ്പെസിഫിക്കേഷനിലുള്ള ഉരുപ്പടികൾ ലഭ്യമാക്കുന്നതിന് വേണ്ടിയാണ് ഗ്രാമപഞ്ചായത്ത് ടെണ്ടർ ക്ഷണിച്ചിരുന്നത്.

| | |
|---|---|
| ബഞ്ച് (ആഞ്ഞിലി തടി കൊണ്ട് നിർമ്മിച്ചത്) | നീളം -183 സെ.മീ |
| | വീതി-30 സെ.മീ |
| | ഉയരം-42 സെ.മീ |
| ഡെസ്ക് (ആഞ്ഞിലി തടി കൊണ്ട് നിർമ്മിച്ചത്) ബാഗ് വെക്കുന്ന തട്ടോട് കൂടിയത് | നീളം -183 സെ.മീ |
| | വീതി-30 സെ.മീ |
| | ഉയരം-70 സെ.മീ |

പരസ്യപ്രകാരം 5 സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ ലഭിക്കുകയുണ്ടായി. മുകളിൽ സൂചിപ്പിച്ച സ്പെസിഫിക്കേഷനിലുള്ള ഉപകരണങ്ങൾക്ക് ലഭിച്ച ടെണ്ടറിലെ ഇനങ്ങളുടെ വിലവിവരം (ഒരെണ്ണത്തിന്റെ വീതം) ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ബഞ്ചിന്റെ വില (ആഞ്ഞിലി തടി) | ഡെസ്കിന്റെ വില (ആഞ്ഞിലി തടി) | ആകെ |
|---|---|---|---|
| CEEKO ഫർണ്ണിച്ചർ, മൂവാറ്റുപുഴ | 2307 | 2908 | 5215 |
| SIDCO SSE,കൊല്ലം | 2300 | 3700 | 6000 |
| GOLDEN GLOBE ഇൻഡസ്ട്രീസ്, ഏറ്റുമാനൂർ | 2996 | 5000 | 7976 |
| P S Timbers,അമയന്നൂർ കോട്ടയം | 3368 | 4374 | 7742 |
| ARTCO LTD. കോഴിക്കോട് | 3072 | 4985 | 805 |

എന്നാൽ ലഭിച്ച ടെണ്ടറുകളിൻമേൽ തുടർ നടപടികൾ ഒന്നും സ്വീകരിക്കാതെ12-02-18 ൽ ചേർന്ന ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ അടിയന്തിര യോഗത്തിൽ പദ്ധതി നിർവ്വഹണത്തിനായി തുടർന്നുവന്ന എല്ലാ നടപടിക്രമങ്ങളും റദ്ദ് ചെയ്യാൻ തീരുമാനിച്ചതായാണ് രേഖ. (തീരുമാനം-I/10) പ്രസ്തുത കമ്മിറ്റിയിൽ പദ്ധതിക്കായി വകയിരുത്തിയ തുകയിൽ നിന്ന് 50000 രൂപ കുറവ് ചെയ്യുന്നതിനും, അളവുകൾ കൃത്യമാക്കുന്നതിനും വേണ്ടി പ്രോജക്റ്റ് ഭേദഗതി ചെയ്യണമെന്ന തീരുമാനം കൂടി ഉൾപ്പെടുത്തുകയുണ്ടായി. എന്നാൽ ലഭിച്ച കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ പരിഗണിച്ച് വാങ്ങൽ നടത്തിയാൽ ആകെ ചെലവ് 4.5 ലക്ഷത്തിൽ കുറവ് മാത്രമാണെന്നിരിക്കെ ഇപ്രകാരമൊരു തീരുമാനമെടുത്തതിന്റെ പ്രസക്തിയെന്തെന്ന് വ്യക്തമല്ല.

ആഞ്ഞിലി തടിയിൽ നിർമ്മിച്ച ഫർണ്ണിച്ചറുകൾ കുറഞ്ഞ നിരക്കിലും നിർദ്ദിഷ്ട സ്പെസിഫിക്കേഷനിലും സപ്ലൈ ചെയ്യാമെന്ന് ടെണ്ടർ മുഖേന ഒന്നിലധികം സ്ഥാപനങ്ങൾ സമ്മതിച്ചിരിക്കെ മതിയായ വ്യവസ്ഥകൾ ഉൾപ്പെടുത്തി എഗ്രിമെന്റിൽ ഏർപ്പെട്ട് സപ്ലൈ ഓഡർ നൽകുന്നതിന് പകരം വ്യക്തമായ കാരണങ്ങളില്ലാതെ പ്രസ്തുത ടെണ്ടർ റദ്ദ് ചെയ്യുവാൻ കമ്മിറ്റി തീരുമാനമെടുത്തതായാണ് രേഖ. ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് നിഷ്കർഷിച്ച അളവിലുള്ള സാധനങ്ങൾ നൽകാനാവില്ലായെന്ന വിവരം ഫോൺ മുഖേന അറിയിച്ചതിനാൽ ടെണ്ടർ നടപടിക്രമങ്ങൾ റദ്ദ് ചെയ്യുന്നുവെന്നാണ് മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. സാധനങ്ങൾ നൽകാനാവില്ലെന്ന് സ്ഥാപനങ്ങൾ രേഖാമൂലം പഞ്ചായത്തിനെ അറിയിച്ചിട്ടുള്ള പക്ഷം ആയത് ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി നം. 1/28-01-20 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും അധികൃതർ മറുപടി ലഭ്യമാക്കിയില്ല.

നിർദ്ദിഷ്ട സ്പെസിഫിക്കേഷനോട് കൂടിയ ഫർണ്ണിച്ചറുകൾ ലഭ്യമാക്കുവാൻ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനങ്ങളുമായി ആലോചിക്കുന്നതിനും ആവശ്യപ്പെടുന്നതിനും ഉതകുന്ന ഏതെങ്കിലും തരത്തിലുള്ള നീക്കങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായില്ല എന്നത് ഫയലിൽ വ്യക്തമാണ്. തുടർ വർഷം ഇതിലേക്കായി ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങൽ നടത്തിയതാകട്ടെ ഇതേ സ്പെസിഫിക്കേഷനോട് കൂടിയ ഉപകരണങ്ങളാണ്. ഇതിൽ നിന്നും മതിയായ കാരണങ്ങൾ ഒന്നും ഇല്ലാതെയാണ് ടെണ്ടർ നടപടികൾ റദ്ദ് ചെയ്തതെന്ന് വ്യക്തമാകുന്നു. തുടർന്ന് ഈ പദ്ധതി 2018-19 സാമ്പത്തിക വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തി ക്വട്ടേഷൻ ക്ഷണിക്കുകയും പദ്ധതി വീണ്ടും പുതിയ വിള ഗവ: എൽ.പി.എസ് ഹെഡ്മിസ്ട്രസ് നിർവ്വഹണം നടത്തുകയും ചെയ്തു. വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | 102/019 | |
| വികസനഫണ്ട് (സി.എഫ്.സി) | 1,65,000 | |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 2,85,000 | |
| ആകെ വകയിരുത്തിയ തുക | 4,50,000 | |
| ആകെ ചെലവഴിച്ച തുക | 441960 | ബിൽ നം- /18-19 തീയതി.30-07-18 തുക-276960 |
| | | ബിൽ നം- 3/18-19 തീയതി.30-07-18 തുക-165000 |

പദ്ധതിക്കുവേണ്ടി 17-03-18 ൽ നടത്തിയ ക്വട്ടേഷൻ പ്രകാരം 3 സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ലഭിച്ചു. ഉപകരണങ്ങളുടെ സ്പെസിഫിക്കേഷനുകളെല്ലാം മുൻ ടെണ്ടറിൽ ഉൾപ്പെടുത്തിയവ തന്നെയായിരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ബഞ്ച് വില | ഡെസ്ക് വില | ആകെ |
|---|---|---|---|
| തമ്പുരാൻ കാലായിൽ, നാരങ്ങാനം, കോഴഞ്ചേരി | 3890 | 9440 | 13330 |
| വെൽഫാബ്, കണ്ടല്ലൂർ | 2655 | 4711 | 7366 |
| ഫോർസ് ഇൻഡസ്ട്രീസ് നീറിക്കാട്, കോട്ടയം | 7481.2 (ഒരു ജോഡി ബഞ്ചിനും ഡെസ്കിനും) | 7481.2 (ഒരു ജോഡി ബഞ്ചിനും ഡെസ്കിനും) | 7481.2 |

26-03-2018 ലെ I/(5) നമ്പർ തീരുമാന പ്രകാരം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ വെൽഫാബ് കണ്ടല്ലൂർ എന്ന സ്ഥാപനത്തെ പദ്ധതി നിർവ്വഹണത്തിനായി തെരെഞ്ഞെടുക്കുകയും അവരിൽ നിന്നും ബഞ്ചു ഡെസ്കും 60 എണ്ണം വീതം വാങ്ങി സ്റ്റോക്കിൽ ചേർത്ത് ബന്ധപ്പെട്ട സ്കൂളുകൾക്ക് വിതരണം നടത്തുകയും ചെയ്തു.

പ്രസ്തുത വാങ്ങലുമായി ബന്ധപ്പെട്ട് പ്രക്യൂവർമെന്റ് കമ്മിറ്റി ചർച്ച ചെയ്തതായോ തീരുമാനം കൈക്കൊണ്ടതായോ ഉള്ള വിവരങ്ങൾ കമ്മിറ്റി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല. കമ്മിറ്റികൾ യഥാക്രമം കൂടാതെയും ചർച്ചചെയ്യാതെയും ഗുണനിലവാര പരിശോധന നടത്താതെയും സാധനസാമഗ്രികൾ വാങ്ങിയത് മാർഗ്ഗരേഖക്ക് വിരുദ്ധമാണ്.

സാധനങ്ങൾ ലഭ്യമാക്കിയ *വെൽഫാബ്* എന്ന സ്ഥാപനം ഹാജരാക്കിയ വിലനിലവാര സ്റ്റേറ്റ്മെന്റിൽ സ്ഥാപനത്തിന്റെ പേര്, തീയതി എന്നിവയൊന്നും രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനത്തിന്റെ സീലോ, ലെറ്റർപാഡോ ഒന്നും ഉപയോഗിക്കാതെയാണ് ക്വട്ടേഷൻ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്.

ഇ-ടെണ്ടറിൽ പങ്കെടുത്ത ഒന്നിലധികം സ്ഥാപനങ്ങൾ പഞ്ചായത്ത് നിർദ്ദേശിച്ച സ്പെസിഫിക്കേഷനോട് കൂടിയ ഉപകരണങ്ങൾ കുറഞ്ഞ തുകക്ക് നിർമ്മിച്ച് നൽകാമെന്ന് സമ്മതിച്ചിരുന്നിട്ടും അവരിൽ നിന്നും വാങ്ങുന്നതിന് പകരം ടെണ്ടർ റദ്ദ് ചെയ്ത് ഉയർന്ന വിലക്ക് അതേ സ്പെസിഫിക്കേഷനോട് കൂടിയ ഉപകരണങ്ങൾ ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങലുകൾ നടത്തിയ നടപടിയെ സാധൂകരിക്കുന്നതിന് യാതൊരു കാരണവും അധികൃതർ ഹാജരാക്കിയിട്ടില്ല. ക്രമപ്രകാരമല്ലാത്ത ഈ വാങ്ങലിലൂടെ ഗ്രാമപഞ്ചായത്തിന് അധികമായി തുക ചെലവഴിക്കേണ്ടതായിവന്നു. ആദ്യ ഇ-ടെണ്ടറിൽ കുറഞ്ഞ തുക ക്വോട്ട് ചെയ്ത സീക്കോ ഫർണ്ണിച്ചർ, മൂവാറ്റുപുഴ എന്ന സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ വാങ്ങിയിരുന്നുവെങ്കിൽ 60 ജോഡി ഡസ്കിനും ബഞ്ചിനും കൂടി ചെലവഴിക്കേണ്ടി വരുമായിരുന്ന തുകയും വെൽഫാബ് കണ്ടല്ലൂർ എന്ന സ്ഥാപനത്തിൽ നിന്ന് 60 ജോഡി ഡസ്കും ബഞ്ചും വാങ്ങിയ ഇനത്തിൽ നൽകിയ തുകയും തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ബഞ്ച് വില (ആഞ്ഞിലി) | ഡെസ്ക് വില (ആഞ്ഞിലി) | ആകെ | 60 ജോഡി ഡസ്ക്, ബഞ്ച് എന്നിവയുടെ ആകെ വില |
|---|---|---|---|---|
| CEEKO ഫർണ്ണിച്ചർ മൂവാറ്റുപുഴ | 2307 | 2908 | 5215 | 312900 |
| വെൽ ഫാബ് കണ്ടല്ലൂർ | 2655 | 4711 | 7366 | 441960 |
| വ്യത്യാസം | | | | 129060 |

ഇപ്രകാരം ക്രമപ്രകാരമല്ലാത്ത നടപടികളിലൂടെ വാങ്ങൾ നടത്തി 129060 രൂപയുടെ അധിക ചെലവുണ്ടാക്കിയത്

സംബന്ധിച്ച് വിശദീകരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-1/2020 തീയതി.28-01-2020) ടെണ്ടർ ഉൾപ്പെടെയുള്ള പദ്ധതി പ്രവർത്തനങ്ങളിൽ, തന്നെ ഉൾപ്പെടുത്തിയില്ലെന്നും 12-02-2018 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റിയുടെ അടിയന്തിര യോഗം തന്റെ ശുപാർശ അനുസരിച്ചല്ല ആദ്യ ടെണ്ടർ റദ്ദ് ചെയ്തതെന്നും നിർവ്വഹണോദ്യോഗസ്ഥ രേഖാമൂലം മറുപടി നൽകി. കൂടാതെ ഈ പ്രോജക്റ്റ് സ്പിൽ ഓവറാക്കി നടപ്പാക്കുന്നതിനുള്ള ക്വട്ടേഷൻ പരസ്യം തയ്യാറാക്കി, തന്നെ ഓഫീസിൽ വിളിച്ചുവരുത്തി ഒപ്പുവയ്പ്പിക്കുകയുമായിരുന്നുവെന്ന് നിർവ്വഹണോദ്യോഗസ്ഥ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രോജക്റ്റിന്റെ തുടർ നടപടികളിലൊന്നും നിർവ്വഹണോദ്യോഗസ്ഥയായ തന്നെ പങ്കെടുപ്പിച്ചിട്ടില്ലായെന്നും അവർ രേഖാമൂലം അറിയിച്ചിട്ടുണ്ട്.

ആദ്യ ടെണ്ടർ റദ്ദ് ചെയ്തതും പദ്ധതി അടങ്കൽ കുറച്ച് ഇ-ടെണ്ടർ ഒഴിവാക്കി ക്വട്ടേഷൻ നടപടികളിലൂടെ ഉയർന്ന നിരക്കിൽ വാങ്ങൽ നടത്തിയതും നിർവ്വഹണ ഉദ്യോഗസ്ഥയായ ഹെഡ്മിസ്ട്രസ്സിന്റെ അറിവോട് കൂടിയല്ലയെന്ന് ഈ മറുപടിയിൽ നിന്നും വ്യക്തമാകുന്നു. മേൽ നടപടി പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താൽപര്യങ്ങൾക്ക് വിരുദ്ധമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആദ്യ ടെണ്ടർ റദ്ദ് ചെയ്യുന്നതിന് തീരുമാനിച്ച 12-02-2018 ലെ പഞ്ചായത്ത് കമ്മിറ്റി യോഗ മിനിറ്റ്സിൽ (തീരുമാനം-1/10) ടെണ്ടറിൽ രേഖപ്പെടുത്തിയ ഫർണ്ണിച്ചറുകളുടെ അളവ്, എണ്ണം, മോഡൽ എന്നിവയിൽ വ്യത്യാസമുള്ളതായും പഞ്ചായത്ത് ആവശ്യപ്പെടുന്ന തരത്തിലുള്ള ഫർണ്ണിച്ചറുകൾ നൽകുവാൻ കഴിയില്ലായെന്ന് ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ ടെലിഫോൺ മുഖേന അറിയിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാങ്ങൽ നടത്തിയതാവട്ടെ ആദ്യ ടെണ്ടറിൽ ഉൾപ്പെട്ട അതേ സ്പെസിഫിക്കേഷനോട് കൂടിയ ഫർണ്ണിച്ചർ ആണ്. ആയതിനാൽ ആദ്യ ടെണ്ടർ റദ്ദ് ചെയ്ത നടപടി അകാരണമായിരുന്നുവെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഈ തീരുമാനം വഴി പഞ്ചായത്ത് ഫണ്ടിന് 129,060/- രൂപയുടെ നഷ്ടമുണ്ടായി. ആകയാൽ ഈ അധിക ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക 12-02-2018 ലെ പഞ്ചായത്ത് കമ്മറ്റിയോഗത്തിൽ പങ്കെടുത്ത പതിനാല് അംഗങ്ങൾ തെറ്റായ തീരുമാനത്തിന് വിയോജനക്കുറിപ്പ് രേഖപ്പെടുത്താത്ത സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-2 നല്ലൊരുഭാഗം പ്ലൈവുഡ്ഡിൽ നിർമ്മിച്ച അലമാരകൾക്ക് ആഞ്ഞിലിത്തടിയുടെ വിലനൽകി വാങ്ങൽ നടത്തുക വഴി കരാറുകാരന് അധികം തുക അനുവദിച്ചു

2017-18 വർഷം അംഗീകാരം ലഭിച്ച "പഞ്ചായത്ത് ഓഫീസ് നവീകരണം" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി (പ്രോജക്ട് നം.106/17-18) ഓഫീസിൽ തടികൊണ്ട് അലമാര നിർമ്മിച്ച് സ്ഥാപിക്കുന്നതിനായി 17.03.2018-ൽ ടെണ്ടർ ക്ഷണിച്ചിരുന്നു. ഇതനുസരിച്ച് ഫോറസ് ഇൻഡസ്ട്രീസ്, കോട്ടയം; വെൽഫാബ്, കണ്ടല്ലൂർ എന്നീ രണ്ടു സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചിട്ടുണ്ട്. പഞ്ചായത്ത് ആവശ്യപ്പെട്ട അളവുകൾ പ്രകാരം 4 അലമാര ആഞ്ഞിലിതടിയിൽ നിർമ്മിച്ചു സ്ഥാപിക്കുന്നതിന് ഫോറസ് ഇൻഡസ്ട്രീസ് രേഖപ്പെടുത്തിയിരുന്ന നിരക്ക് 4,72,790/- രൂപയും, വെൽഫാബ് രേഖപ്പെടുത്തിയ നിരക്ക് 4,69,463/- രൂപയുമായിരുന്നു. എന്നാൽ അലമാരയുടെ ഡോറുകൾ പലകതടി അല്ലെങ്കിൽ 18 mm മറൈൻ പ്ലൈവുഡ്ഡ് എന്നാണ് വെൽഫാബിന്റെ ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ആഞ്ഞിലി തടി കൂടാതെ മഹാഗണി (4,67,991), മാഞ്ചിയം (4,21,247), അക്വേഷ്യ (4,12,949), മൂർക്കറ്റംതടി (3,69,927) എന്നീ തടികളിൽ അലമാര നിർമ്മിച്ചു നൽകുന്നതിനുള്ള നിരക്കും വെൽഫാബിന്റെ ടെണ്ടറിൽ രേഖപ്പെടുത്തിയിരുന്നു. 26.03.2018-ൽ കൂടിയ പഞ്ചായത്തു കമ്മിറ്റി ആഞ്ഞിലി തടിയിൽ നിർമ്മിച്ച അലമാരകൾ, നിശ്ചിത അളവിൽ നിർമ്മിച്ചു സ്ഥാപിക്കുന്നതിന് വെൽഫാബ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി തീരുമാനിച്ചു (1/4 തീരുമാനം). 525 ചതുരശ്ര അടിയുള്ള അലമാര നിർമ്മിച്ചു നൽകിയതിന് 4,68,299/- രൂപയുടെ ബില്ല് സ്ഥാപനം ലഭ്യമാക്കിയതിനെ തുടർന്ന് 4,41,366/-രൂപ 30.05.2018-ലും (ട്രഷറി ബിൽ നം:11/30.05.2018), 26,933/- രൂപ 23.08.2018 – ലും (ട്രഷറി ബിൽ നം.18/23.08.2018) പിൻവലിച്ച് സ്ഥാപനത്തിന് നൽകി. പദ്ധതി നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്ത് ഓഫീസിൽ സ്ഥാപിക്കാനുദ്ദേശിച്ച അലമാരകളുടെ അളവുകൾ സംബന്ധമായി (specification) എസ്റ്റിമേറ്റ് തയ്യാറാക്കിയതായി രേഖയില്ല. വ്യക്തമായ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാതെ സ്ഥാപനം ലഭ്യമാക്കിയ അലമാര നിശ്ചിത അളവുകളോട് കൂടിയതെന്ന് ഉറപ്പാക്കിയത് എപ്രകാരമെന്ന് വ്യക്തമല്ല. കൂടാതെ വ്യക്തമായ സ്പെസിഫിക്കേഷൻ പറഞ്ഞ് സപ്ലൈ ഓർഡർ നൽകിയതായും രേഖയില്ല.

2. സപ്ലൈ ഓർഡർ ലഭിച്ച സ്ഥാപനം ചമച്ച എഗ്രിമെൻ്റ് പൂർണ്ണമല്ല. എഗ്രിമെൻ്റ് നമ്പർ, തീയതി തുടങ്ങിയ അടിസ്ഥാനവിവരങ്ങൾ പോലും എഗ്രിമെൻ്റിൽ രേഖപ്പെടുത്തിയിട്ടില്ല.

3. പൂർണ്ണമായും ആഞ്ഞിലിതടിയിൽ നിർമ്മിച്ച അലമാര സ്ഥാപിക്കുന്നതിനാണ് ഫോറസ് ഇൻഡസ്ട്രീസ് നിരക്ക് രേഖപ്പെടുത്തിയിരുന്നത്. എന്നാൽ വെൽഫാബ് ആകട്ടെ അലമാരയുടെ ഡോറുകൾ ഒഴികെ ആഞ്ഞിലിതടിയിൽ നിർമ്മിക്കുന്നുവെന്നും, ഡോറുകൾ പലക/18 mm മറൈൻ പ്ലൈവുഡ് എന്നുമാണ് രേഖപ്പെടുത്തിയിരുന്നത്. അലമാര മുഴുവൻ ആഞ്ഞിലിതടിയിൽ നിർമ്മിച്ച് നൽകാം എന്ന് സമ്മതിച്ച സ്ഥാപനത്തെ ഒഴിവാക്കി വെൽഫാബിനെ ചുമതലപ്പെടുത്തിയപ്പോഴാകട്ടെ ഡോറുകൾ ഏതു വേണമെന്ന് നിർദ്ദേശിച്ചതുമില്ല. ടി സ്ഥാപനം സപ്ലൈ ചെയ്ത അലമാരകൾ പരിശോധിച്ചതിൽ അലമാരയുടെ ഡോറുകൾ മറൈൻ പ്ലൈവുഡ് ഉപയോഗിച്ചും, പുറകുവശം മുഴുവൻ കട്ടി കുറഞ്ഞ സാധാരണ പ്ലൈവുഡ് ഉപയോഗിച്ചും (6 mm) നിർമ്മിച്ചവയാണ്. ഇപ്രകാരം പ്ലൈവുഡിൽ നിർമ്മിച്ച അലമാരകളുടെ പുറകുവശം പൊടിഞ്ഞു തുടങ്ങിയ നിലയിലുമാണ്. ഓഡിറ്റിൽ നിന്നും ആവശ്യപ്പെട്ടതനുസരിച്ച് അസിസ്റ്റൻ്റ് എഞ്ചിനീയർ ലഭ്യമാക്കിയ റിപ്പോർട്ടുപ്രകാരം അലമാരകളുടെ 43.82 $m^2$ ഭാഗം ഇപ്രകാരം സാധാരണ പ്ലൈവുഡ് (6 mm) കൊണ്ട് നിർമ്മിച്ചവയാണ്. ഡോർ ഒഴികെ മറ്റെല്ലാ ഭാഗവും ആഞ്ഞിലിതടിയിൽ നിർമ്മിച്ച് നൽകാം എന്ന് സമ്മതിച്ചിരുന്ന സ്ഥാപനം അതിൽ നിന്നും വിഭിന്നമായി അലമാര നിർമ്മിച്ച് നൽകിയിട്ടും ആയത് പരിശോധിക്കാതെ ആഞ്ഞിലിതടിയുടെ നിരക്കിൽ ബിൽ തുക മുഴുവൻ അനുവദിച്ച നടപടി ക്രമവിരുദ്ധമാണ്.

4. സ്ഥാപനം നിർമ്മിച്ച് നൽകിയ അലമാരയുടെ ഡോർ മറൈൻ പ്ലൈവുഡ് കൊണ്ടുള്ളതും, പുറകുവശം സാധാരണ പ്ലൈവുഡ് കൊണ്ടുള്ളതുമായിരിക്കെ, ആഞ്ഞിലിതടിയിൽ നിർമ്മിച്ച ഫയൽ റാക്ക് 4.549 $m^2$ ഉള്ളതാണെന്നാണ് ഓവർസിയറും, അസിസ്റ്റൻ്റ് എഞ്ചിനീയറും ഒപ്പിട്ട സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. സ്ഥാപിക്കാൻ ഉദ്ദേശിച്ചതും സപ്ലൈ ഓർഡർ നൽകിയതും ആഞ്ഞിലിതടിയിൽ നിർമ്മിച്ച അലമാരയാണെന്നിരിക്കെ 'ഫയൽ റാക്കെന്ന' പേരിൽ മൂല്യനിർണ്ണയം നടത്തിയതിനുള്ള കാരണവും വ്യക്തമല്ല. കൂടാതെ സാക്ഷ്യപത്രത്തിൽ പറഞ്ഞിട്ടുള്ള അളവും കരാറുകാരൻ ലഭ്യമാക്കിയ ബില്ലിലെ അളവും തമ്മിൽ യാതൊരു പൊരുത്തവുമില്ല.

മുകളിൽ പ്രതിപാദിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/03.02.2020) സെക്രട്ടറിയും, അസിസ്റ്റൻ്റ് എഞ്ചിനീയറും മറുപടി ലഭ്യമാക്കിയില്ല. ഇപ്രകാരം ആഞ്ഞിലി തടിയിൽ അലമാര നിർമ്മിച്ച് നൽകാൻ കരാറെടുത്ത സ്ഥാപനം, അവയുടെ നല്ലൊരു ഭാഗം ക്വാളിറ്റി കുറഞ്ഞ പ്ലൈവുഡിൽ നിർമ്മിച്ച് നൽകിയിട്ടും അവയെ ആഞ്ഞിലിതടിയെന്ന പേരിൽ തെറ്റായി മൂല്യനിർണ്ണയം നടത്തി തുക അനുവദിച്ച നടപടി ബന്ധപ്പെട്ടവരുടെ ഭാഗത്തു നിന്നുമുള്ള ഗുരുതര വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. വിഷയത്തിൽ ആവശ്യമായ അന്വേഷണം നടത്തി തുടർനടപടി സ്വീകരിക്കുവാൻ ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു. ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരമറിയിക്കാത്തപക്ഷം ഈ വാങ്ങൽ മൂലമുണ്ടായ നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായിരിക്കുന്നതാണ്. മുകളിൽ വിവരിച്ച കാരണങ്ങളാൽ 4,68,299/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിൻ്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നം./തീയതി |
|---|---|---|
| 2018-19 | 28.06.2019 മുതൽ 29.06.2019 വരെ | കെ.എസ്.എ-എ.എൽ.പി/പി12-495/2019 തീയതി, 23.07.2019 |

**4-2) സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം**

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 50000 | അഗതി ആശ്രയ | 50000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 497981 | പാലിയേറ്റീവ് കെയർ പദ്ധതി | 428284 | 69697 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2066625 | ലൈഫ് ഭവനപദ്ധതി ജനറൽ | 1800000 | 266625 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 500000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 400000 | 10000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 90000 | 89-നമ്പർ അങ്കണവാടി ഹൈടെക്ക് | 90000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 244800 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പും യാത്രബത്തയും | 244800 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 440000 | സ്കൂളുകളിൽ എയറോബിക് കംപോസ്റ്റ് യൂണിറ്റും മിനി കളക്ഷൻ സെന്ററും | 0 | 440000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1542684 | ലൈഫ് ഭവനപദ്ധതി ജനറൽ | 1535800 | 6884 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 163967 | ലൈഫ് ഭവനപദ്ധതി എസ്സ്.സി | 124400 | 39567 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | അനുപൂരക പോഷകാഹാര വിതരണം അങ്കണവാടികളിൽ | 0 | 100000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 244800 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പും യാത്രബത്തയും | 244800 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 580000 | പുതിയ അങ്കണവാടി നിർമ്മാണം വാർഡ്-9 നം.-77 | 0 | 580000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 580000 | പുതിയ അങ്കണവാടി നിർമ്മാണം വാർഡ്-3 നം.-92 | 0 | 580000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 580000 | പുതിയ അങ്കണവാടി നിർമ്മാണം വാർഡ്-15 നം.-87 | 580000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 580000 | പുതിയ അങ്കണവാടി നിർമ്മാണം വാർഡ്-04 നം.-88 | 580000 | 0 |

**4-3) നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരം**

ഇല്ല

**4-4) മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ**

ഇല്ല

**4-5) വായ്പ/വായ്പ തിരിച്ചടവ്**

| വായ്പയുടെ പേര് ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് | ജി.ഒ.(നം. 318/10 | 10185000 | 1456992 | 1018500 | | 438492 |

| | | | | | | |
|---|---|---|---|---|---|---|
| | എൽ.എസ്.ജി.ഡി. തീയതി, 28.01.10 | | | | | |
| KURDFC ലോൺ | - | 54000000 | 23066437 | - | - | 23066437 |

**4-6) സ്ഥിര നിക്ഷേപം**

ഇല്ല

**4-7) ഓഡിറ്റ് റിക്കവറി**

ഈയിനത്തിൽ തൻവർഷം ലഭിച്ച 1686/- രൂപയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2014-15 | 2-3 | 500 | പ്രഭീഷ് മോഹൻ | 118010101887 തീയതി, 23.10.2018 |
| 2010-11 | 3-4 | 850 | സുകുമാരൻ | 118010101823 തീയതി, 12.10.2018 |
| 2010-11, 2011-12 | 2-1 | 56 | മാനേജർ, എസ്.ബി.ഐ. കണ്ടല്ലൂർ | 118010101852 തീയതി, 16.10.2018 |
| 2010-11, 2011-12 | 2-1 | 112 | മാനേജർ, എസ്.ബി.ഐ. കണ്ടല്ലൂർ | 118010101849 തീയതി, 16.10.2018 |
| 2010-11, 2011-12 | 2-1 | 112 | ബി.എസ്.എൻ.എൽ.പുല്ലുകുളങ്ങര | 118010101850 തീയതി, 16.10.2018 |
| 2010-11, 2011-12 | 2-1 | 56 | മാനേജർ, എസ്.ബി.ഐ. കണ്ടല്ലൂർ | 1180101018501 തീയതി, 16.10.2018 |

**4-8) സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം. | ഖണ്ഡിക നം | സമാഹൃത ഓഡിറ്റ് വർഷം | ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 2-7 | 2007-08 | 3-1.17 | അക്ഷയ കമ്പ്യൂട്ടർ സെന്റർ പദ്ധതി ബോധന കുടുംബശ്രീ | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെടുത്തി |
| | 2-9 | | 3.1.18 | മുട്ടക്കോഴി വളർത്തൽ | |
| | 2-14 | | 3.1.19 | അനുപമ കുടുംബശ്രീ ആട്ട വളർത്തൽ | |
| 2011-12, 2012-13 | ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടില്ല | 2013-14 | 6.1.2 | പെർഫോർമൻസ് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച്. | മറുപടി സമർപ്പിച്ചിട്ടുണ്ട്. |

**4-9) ചാർജ്/സർചാർജ് നടപടികളുടെ വിവരം**

**ഇല്ല**

**4-10) ഓഡിറ്റ് പ്രത്യവലോകനം**

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 78587799 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 76262412 |
| വരവിനങ്ങളിലുള്ള നഷ്ടം | 3294 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 129060 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 18,27,799 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ചാർജ് ചെയ്യാവുന്നവ | നഷ്ടമായ തുക സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 445 | | എൻ.ഹരികുമാർ, അസിസ്റ്റന്റ് സെക്രട്ടറി |
| | 309 | | എസ്.ബാബുകുട്ടൻ നായർ, സെക്രട്ടറി |
| 2-2 | 2540 | | എസ്.ബാബുകുട്ടൻ നായർ, സെക്രട്ടറി |
| 3-2 | | 129060 | 12.02.2018ലെ അടിയന്തിര കമ്മിറ്റിയിൽ പങ്കെടുത്ത പഞ്ചായത്ത് സമിതി അംഗങ്ങൾ+ശ്രീ.കെ.പ്രേംകുമാർ, സെക്രട്ടറി എന്നിവർ തുല്യമായി |

**ഓഡിറ്റിൽ തടസ്സപെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 468299 | ശ്രീ.കെ.പ്രേംകുമാർ, സെക്രട്ടറി<br>ശ്രീ.വി.കെ.ജയരാജ്, അസിസ്റ്റന്റ് എൻജിനീയർ |
| 1-19 | 139500 | ശ്രീമതി.സുമ.ബി, ഐ.സി.ഡി.എസ്.സൂപ്പർ വൈസർ |
| 1-20 | 770000 | ശ്രീമതി.സജിത.പി.എ, കൃഷി ഓഫീസർ |
| 1-21 | 300000 | ശ്രീ.കെ.പ്രേംകുമാർ, സെക്രട്ടറി |
| 1-25 | 150000 | ഡോ.വിജയറാണി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-13 | 37 |
| 1-14 | 127 |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എൻ.ഹരികുമാർ,<br>അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്ജ്) | - | സരോവരം, പള്ളിപ്പാട്.പി.ഒ. |

| | | |
|---|---|---|
| ശ്രീ.എസ്.ബാബുകുട്ടൻ നായർ<br><br>സെക്രട്ടറി | സെക്രട്ടറി,<br><br>വീയപുരം ഗ്രാമപഞ്ചായത്ത് | കൊച്ചുവീട്ടിൽ, ഏവൂർ(S),<br><br>കീരിക്കാട്.പി.ഒ. |
| ശ്രീ.ഗോപകുമാർ.കെ.ജി,<br><br>വാർഡ് മെമ്പർ 5 | | കുന്നപറമ്പിൽ,<br><br>പുതിയവിള,<br><br>പട്ടോളി മാർക്കറ്റ്.പി.ഒ. |
| ശ്രീമതി.ജെ.കോമള<br><br>വാർഡ് മെമ്പർ 13 | | മുളക്കത്തറയിൽ, കണ്ടല്ലൂർ,<br><br>കണ്ടല്ലൂർ.പി.ഒ. |
| ശ്രീ.വൈ.രാജീവ്<br><br>വാർഡ് മെമ്പർ 14 | | സാവിത്രി ഭവനം,<br><br>കണ്ടല്ലൂർ വടക്ക്,<br><br>പട്ടോളി മാർക്കറ്റ്.പി.ഒ. |
| ശ്രീ.എ.വി.രഞ്ചിത്ത്,<br><br>വാർഡ് മെമ്പർ 9 | | കൊല്ലശ്ശേരിൽ,<br><br>കണ്ടല്ലൂർ തെക്ക്<br><br>കണ്ടല്ലൂർ.പി.ഒ. |
| ശ്രീ.കോലാത്ത് ബാബു<br><br>വാർഡ് മെമ്പർ 10 | | കോലാത്ത്,<br><br>കണ്ടല്ലൂർ, കണ്ടല്ലൂർ.പി.ഒ. |
| ശ്രീമതി.സരള ശങ്കരനാരായണൻ<br><br>വാർഡ് മെമ്പർ 4 | | സതി നിവാസ്,<br><br>പുതിയവിള,<br><br>പട്ടോളി മാർക്കറ്റ്.പി.ഒ. |
| ശ്രീമതി.ആർ.ഷൈനി<br><br>വാർഡ് മെമ്പർ 11 | | ഹരിപൂജ, കണ്ടല്ലൂർ (S)<br><br>കണ്ടല്ലൂർ.പി.ഒ. |
| ശ്രീ.ബി.ഉദയഭാനു<br><br>വാർഡ് മെമ്പർ 15 | | തരംഗിണി, പുതിയവിള,<br><br>പട്ടോളി മാർക്കറ്റ്.പി.ഒ |
| അഡ്വ.എൻ.രാജഗോപാൽ<br><br>വാർഡ് മെമ്പർ 3 | | ശ്രീവിലാസം,<br><br>പുതിയവിള, കണ്ടല്ലൂർ.പി.ഒ. |
| ശ്രീമതി.എം.രമ്യ<br><br>വാർഡ് മെമ്പർ 8 | | കിഴക്കടത്ത് തറയിൽ<br><br>കണ്ടല്ലൂർ തെക്ക്<br><br>കണ്ടല്ലൂർ.പി.ഒ. |
| ശ്രീമതി.മിനി.എസ്.<br><br>വാർഡ് മെമ്പർ 6 | | മിഥുൻ നിവാസ്, പുതിയവിള,<br><br>പട്ടോളി മാർക്കറ്റ്.പി.ഒ. |
| ശ്രീമതി.ആർ.ബിന്ദു<br><br>വാർഡ് മെമ്പർ 7 | | രവീന്ദ്ര ഭവനം,<br><br>കണ്ടല്ലൂർ തെക്ക്, കണ്ടല്ലൂർ.പി.ഒ. |
| ശ്രീമതി. തയ്യിൽ പ്രസന്നകുമാരി,<br><br>വാർഡ് മെമ്പർ 2 | | തയ്യിൽ ഹൗസ്, പുതിയവിള,<br><br>പട്ടോളി മാർക്കറ്റ്.പി.ഒ. |
| ശ്രീമതി.എ.ശോഭ<br><br>വാർഡ് മെമ്പർ 12 | | തണൽ,<br><br>കണ്ടല്ലൂർ (S), കണ്ടല്ലൂർ.പി.ഒ. |
| ശ്രീ.കെ.പ്രേംകുമാർ, സെക്രട്ടറി | | ചിദംബരം, പിലാപ്പുഴ (S) |

| | | |
|---|---|---|
| | | ഹരിപ്പാട് |

**4-11) തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ**

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1998-99 | എൽ.എഫ്.ജി.എ 5-1832/11/30.01.2012 |
| 2000-01 | എൽ.എഫ്.ജി.എ 5-1832/11/30.01.2012 |
| 1999-00 (ചെലവ്) | എൽ.എഫ്.ജി.എ 5-1832/11/30.01.2012 |
| 2000-01 മുതൽ 2004-05 വരെ | എൽ.എഫ്.ജി.എ 5-1832/11/30.01.2012 |
| 2006-07 മുതൽ 2009-10 വരെ | എൽ.എഫ്.ജി.എ 5-1577/12/16.05.2014 |
| 2010-11മുതൽ2012-13 വരെ | എൽ.എഫ്.പി 4-163/14/29.03.2014 |
| 2014-15 | കെ.എസ്.എ.എ.എൽ.പി.പി4-695/16/27.6.1206 |
| 2015-16 | കെ.എസ്.എ.എ.എൽ.പി.പി4- 124/16/17.11.2016 |
| 2016-17 | കെ.എസ്.എ.എ.എൽ.പി.പി4- 747/2017/20.06.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി12-371/2019 തീയതി, 07.05.2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.
.
.
.
.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കണ്ടല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

**അനുബന്ധം-2**

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ആലപ്പുഴ